पेंशन निधि विनियामक एवं विकास प्राधिकरण
PENSION FUND REGULATORY AND DEVELOPMENT AUTHORITY

आज़ादी का अमृत महोत्सव

റിട്ടയർമെന്റ് അവബോധ പരിശീലന പരിപാടി

പെൻഷൻ ധന നിർവഹണ & വികസന കാര്യാലയം

സാമ്പത്തിക ആധികളിൽ നിന്ന് മുക്തരാകൂ –
പ്രയോജനങ്ങൾ നേടിയെടുക്കൂ(റീപ് ചെയ്യൂ)

nps national pension system PENSION FOR ALL

अटल पेंशन योजना मेरा अधिकार मेरा सम्मान

ഉള്ളടക്കം

1	വിരമിക്കലിനെ മനസിലാക്കുക	....	2
2	മനസ്സിൽ വയ്ക്കേണ്ട കാര്യങ്ങൾ	....	7
3	പെൻഷൻ ഉത്പന്ന സവിശേഷതകൾ: മുഖ്യ പരിഗണനകൾ	....	11
4	നാഷണൽ പെൻഷൻ സിസ്റ്റത്തിന്റെ മാന്ത്രികത	....	15
5	അടൽ പെൻഷൻ യോജനയുടെ ശക്തി	....	25
	ഉപസംഹാരം	....	29
	പദ വിവരണം	....	30

ഹലോ.
എന്റെ പേര്
പ്രൊഫസർ മണിറാം.

വിരമിക്കൽ ആസൂത്രണം ചെയ്യാനും സമ്പാദ്യം നടത്താനും വേണ്ട അറിവ് നേടാൻ നിങ്ങൾ ഇത്രയും പേർക്ക് താത്പര്യം ഉണ്ടെന്ന് കണ്ടതിൽ എനിക്ക് സന്തോഷം ഉണ്ട്. ഞാൻ ഇന്ന് നിങ്ങളുമായി പങ്കിടുന്നത് 18 വയസുള്ളവർക്കും 70 കളിൽ ഉള്ളവർക്കും ബാധകമാണ്.

നിരാകരണം

ഈ ബുക്ക്ലെറ്റിലെ വിവരങ്ങൾ ഉദാഹരണത്തിനും, അറിവിനും, വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മാത്രമാണ്. ഇത് PFRDA യുടെ ആശയങ്ങളെയോ അഭിപ്രായങ്ങളെയോ പ്രതിനിധീകരിക്കുന്നില്ല. ഈ ബുക്ക്ലെറ്റ് ഉള്ളടക്കത്തിന്റെ കൃത്യത, പ്രായോഗികത, ഔചിത്യം, പൂർണത എന്നിവയെ കുറിച്ച് PFRDA ഒരു തരത്തിലുമുള്ള പ്രാതിനിധ്യമോ ഉത്തരവാദിത്വമോ നടത്തുന്നില്ല.

ആദ്യ എഡിഷൻ മെയ് 2022. ഉറവിടം പ്രതിപാദിക്കപ്പെട്ടാൽ പകർപ്പ് അനുവദനീയമാണ്.

ചാപ്റ്റർ 01

വിരമിക്കലിനെ മനസിലാക്കുക

കണ്ണടച്ച് നിങ്ങൾ ജോലി ചെയ്യാത്ത ഒരു സമയത്തെ കുറിച്ച് ചിന്തിക്കുക. എന്താണ് കാണുന്നത്?

വിശ്രമിച്ച്, സമയം ശാന്തമായി നീക്കി, മക്കളെയും കൊച്ചു മക്കളെയും സന്ദർശിച്ച് അവധിക്കാലം ആഘോഷിക്കുന്ന നിങ്ങളെയാണോ കാണുന്നത്?

നിങ്ങൾ ജോലി നിർത്തി കരുതി വെച്ച സമ്പാദ്യത്തിൽ ജീവിതം നയിക്കുന്ന ആ കാലഘട്ടമാണ്, സുഹൃത്തുക്കളെ, റിട്ടയർമെന്റ്.

നിങ്ങൾ മതിയായ സമ്പാദ്യം നടത്തേണ്ട ഒരു ഘട്ടമാണത്, കാരണം ഇന്നലെ നിങ്ങൾ സങ്കൽപിച്ച ജീവിതം നയിക്കാൻ സാധിക്കൂ.

- വീട് പരിപാലിക്കുക
- ചികിത്സ ചിലവുകൾ
- നിങ്ങളുടെയും കുടുംബത്തിന്റെ-യും ആവശ്യങ്ങൾ
- വിനോദത്തിനുള്ള കാര്യങ്ങളും അവധിക്കാലങ്ങളും

വിരമിച്ച ശേഷവും, നിങ്ങൾക്ക് ഇതിന് പണം ആവശ്യമാണ്.

നിങ്ങൾ സ്വാതന്ത്ര്യം നേടുകയാണെങ്കിൽ ഇതെല്ലാം സാധ്യമാണ് – സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്നും ആധികളിൽ നിന്നും സ്വാതന്ത്ര്യം – അത് ജോലിയുടെ ആദ്യ ഘട്ടങ്ങളിൽ തന്നെ നേടണം

അതിനർത്ഥം, നിങ്ങളുടെ **റിട്ടയർമെന്റ് ആവശ്യങ്ങൾക്ക് കാലേക്കൂട്ടി** പ്രവർത്തിക്കണം.

നിങ്ങൾ തയ്യാറാണോ?

നിങ്ങളുടെ റിട്ടയർമെന്റ് ആസൂത്രണം

നിങ്ങളുടെ ശേഷിക്കുന്ന ജീവിതത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത് സമ്പാദിക്കുക എന്നതാണ് റിട്ടയർമെന്റ് ആസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നിങ്ങളുടെ റിട്ടയർമെന്റിന് ശേഷം സുഖപ്രദമായി ജീവിക്കാൻ എത്ര പണം വേണം എന്ന് നിർണയിക്കുന്ന പ്രക്രിയ ആണത്.

അതിനായി, ആ സുവർണ കാലഘട്ടത്തിന് മുൻപ് നിങ്ങൾക്ക് എത്ര സമയം ബാക്കിയുണ്ടെന്ന് മനസിലാക്കേണ്ടതുണ്ട്.

ഇന്നത്തെ ശരാശരി ആയുർ ദൈർഘ്യം എത്രയുണ്ടാകും എന്ന് നമുക്കൊന്ന് ഊഹിക്കാം.

ആരെങ്കിലും പറയൂ? കാര്യമെന്തെന്നാൽ, വിരമിച്ച ശേഷവും നിങ്ങളിൽ ഭൂരിഭാഗവും വളരെ അധികം വർഷങ്ങൾ ജീവിക്കും കാരണം ആരോഗ്യ പരിപാലന രംഗത്തെ പുരോഗതികൾ കാരണം ആയുർ ദൈർഘ്യം വർധിച്ചിട്ടുണ്ട്.

ഇന്ത്യയിൽ, 60 വയസിൽ വിരമിച്ച ശേഷം ശരാശരി ആളുകൾ 20 വർഷത്തിൽ കൂടുതൽ ജീവിക്കുന്നു.



അതിനാൽ, റിട്ടയർമെന്റ് കാലത്തെ ദൈനംദിന ചിലവുകൾക്കായി നിങ്ങൾക്ക് മതിയായ പണം വേണം.

പക്ഷെ ശരിയായ ആസൂത്രണം ഇല്ലാതെ, നിങ്ങൾക്ക് കുറവ് റിട്ടയർമെന്റ് ധനമേ ഉണ്ടാകൂ. അങ്ങനെ വന്നാൽ, മാസ ചിലവുകൾ കൈകാര്യം ചെയ്യാൻ വേണ്ട പണം നിങ്ങൾക്കുണ്ടാകില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, നിങ്ങൾക്ക് വീണ്ടും ജോലിക്ക് പോകേണ്ടി വന്നേക്കാം. എന്നാൽ **നിങ്ങൾ ഇപ്പോൾ ആസൂത്രണം ചെയ്താൽ, പിന്നീട് പണം ഇല്ലാതെ ആകുന്ന സാഹചര്യം ഒഴിവാക്കാം.**

അതിനാൽ ഇന്ന് തന്നെ റിട്ടയർമെന്റിനെ കുറിച്ച് ആസൂത്രണം നടത്തി നാളെ സ്വതന്ത്രരാകുക!

എല്ലാവർക്കും പെൻഷൻ

അപ്പോൾ സുഹൃത്തുക്കളെ, നിങ്ങളുടെ റിട്ടയർമെന്റ് ആസൂത്രണത്തിനുള്ള ഏറ്റവും മികച്ച വഴി ഏതാണ് എന്നറിയാമോ? നിങ്ങൾ ചിന്തിച്ചതിലും ലളിതമാണ് ഉത്തരം. ഒറ്റ വാക്കേയുള്ളു – പെൻഷൻ. അതെ, റിട്ടയർമെന്റ് കാലത്തെ നിങ്ങളുടെ ഉപജീവന മാർഗമാണ് പെൻഷൻ.

റിട്ടയർമെന്റിൽ, നിങ്ങൾക്ക് വിശ്രമിക്കാം കാരണം സുഖപ്രദമായ ജീവിതത്തിനുള്ള സമ്പാദ്യം നിങ്ങൾക്കുണ്ട്..

പെൻഷൻ കൊണ്ട്, നിങ്ങൾക്ക് ഉറപ്പായ, സ്ഥിരമായ മാസ വരുമാനം ലഭിക്കുന്നു

നിങ്ങൾ ജോലി ചെയ്യാത്ത കാലഘട്ടത്തിന് വേണ്ടി നീക്കി വെച്ച കരുതൽ ധനത്തിൽ നിന്നാണ് പെൻഷൻ വരുന്നത്

വിരമിച്ച ശേഷം നിങ്ങളുടെ ആവശ്യങ്ങളും സ്വപ്നങ്ങളും നിറവേറ്റാൻ പെൻഷൻ സഹായിക്കുന്നു

പക്ഷെ പെൻഷൻ സർക്കാർ ജീവനക്കാർക്ക് മാത്രമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അല്ലെങ്കിൽ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന നിങ്ങളുടെ സഹപ്രവർത്തകർക്ക് മാത്രം? അങ്ങനെ ചിന്തിക്കുന്നത് തെറ്റാണ്.

പ്രിയപ്പെട്ട സുഹൃത്തുക്കളെ, എല്ലാവർക്കും പെൻഷൻ ലാഭിക്കാം - നിങ്ങൾക്കും.

നേരത്തെ തുടങ്ങൂ, കൂടുതൽ സമ്പാദിക്കൂ

എപ്പോൾ നിങ്ങൾ റിട്ടയർമെന്റിന് ആസൂത്രണം ചെയ്യാൻ തുടങ്ങണം എന്നാണ് നിങ്ങൾക്ക് തോന്നുന്നത്? ഇപ്പോൾ.
അതെ, നിങ്ങൾ കേട്ടത് ശരിയാണ്.

18 വയസിനും 70 നും ഇടക്ക് ഏത് പ്രായത്തിലും നിങ്ങൾക്ക് റിട്ടയർമെന്റിനായി ആസൂത്രണം ചെയ്യാം.

എത്രയും വേഗത്തിൽ നിങ്ങൾ തുടങ്ങുന്നുവോ, അത്രയും കൂടുതൽ റിട്ടയർമെന്റ് സമ്പത്ത്(മനഃസമാധാനം എന്നർത്ഥം) സുവർണ കാലഘട്ടത്തിൽ നിങ്ങൾക്കുണ്ടാകും.

ഞാൻ ഒരു ഉദാഹരണം പറയട്ടെ.

നിങ്ങളുടെ നിലവിലെ പ്രായം = 25 വയസ്
മാസ ചിലവ് = ₹ 10,000
നിങ്ങളുടെ റിട്ടയർമെന്റ് പ്രായം = 60 വയസ്
നിങ്ങൾ എത്ര വയസ് വരെ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു = 80 വയസ്

അനുമാനങ്ങൾ

നാണയപ്പെരുപ്പം = 5%
പെൻഷൻ നിക്ഷേപത്തിന്റെ റിട്ടേൺ = 10%



വിവിധ പ്രായത്തിൽ ഉള്ളവർക്ക് ഞാൻ നൽകുന്ന ചില സാഹചര്യങ്ങൾ ഇതാ. നാണയപ്പെരുപ്പത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച പ്രതിമാസ ചിലവ്, മാസം തോറും നിക്ഷേപിക്കേണ്ട തുക, 60 വയസിൽ ആവശ്യമായ റിട്ടയർമെന്റ് സമ്പത്ത് എന്നിവ ഓരോന്നിലും നിങ്ങൾക്ക് കാണാം.

പ്രായം	25 (റിട്ടയർമെന്റിന് 35 വർഷം ബാക്കി)	30 (റിട്ടയർമെന്റിന് 30 വർഷം ബാക്കി)	45 (റിട്ടയർമെന്റിന് 15 വർഷം ബാക്കി)
ചെലവുകളുടെ മൂല്യം 60-ൽ	55,160	43,219	20,789
പ്രതിമാസം നിക്ഷേപിക്കേണ്ട തുക	2,236	2,942	7,720
60-ൽ ആവശ്യമായ കോർപ്പസ്	85 ലക്ഷം	67 ലക്ഷം	32 ലക്ഷം

നേരത്തെ തുടങ്ങി വർഷങ്ങളോളം നിങ്ങളുടെ പെൻഷനായി സമ്പാദിക്കുക.

അങ്ങനെ, നിങ്ങൾക്ക് സുഖപ്രദമായ വർഷങ്ങൾ പിന്നീട് ഉണ്ടാകും — നിങ്ങൾ നേരത്തെ റിട്ടയർ ചെയ്യാൻ തീരുമാനിച്ചാലും.

മണിറാം മന്ത്ര

- **റിട്ടയർമെന്റ് ആവശ്യങ്ങൾക്കായി** എത്രയും **വേഗത്തിൽ പ്രവർത്തിച്ച്** സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്ന് സ്വതന്ത്രരാകുക.
- നിങ്ങൾ സർക്കാർ അല്ലെങ്കിൽ സ്വകാര്യ കമ്പനി ജീവനക്കാർ അല്ലെങ്കിലും **പെൻഷൻ കിട്ടും.**
- **നേരത്തെ സമ്പാദിക്കുക** എന്തെന്നാൽ നിങ്ങൾക്ക് റിട്ടയർമെന്റ് സമ്പത്ത് സ്വരൂപിക്കാൻ കുറെ വർഷങ്ങൾ കിട്ടും, അത് വഴി കൂട്ടിച്ചേർക്കലിന്റെ മെച്ചം അനുഭവിക്കാം. അങ്ങനെ ചെയ്താൽ, റിട്ടയർമെന്റ് ജീവിതം നിങ്ങൾക്ക് സുഖപ്രദമായിരിക്കും.

നിങ്ങളുടെ NPS അക്കൗണ്ട് ഓൺലൈൻ ആയി തുറക്കുക www.npstrust.org.in/content/open-your-nps-account-online

മനസ്സിൽ വയ്ക്കേണ്ട കാര്യങ്ങൾ

നിങ്ങൾ റിട്ടയർമെന്റ് ആസൂത്രണത്തിൽ പരിഗണിക്കേണ്ട ചില പ്രധാന ഘടകങ്ങൾ ഇവയാണ്

- **നിങ്ങൾക്ക് എപ്പോൾ ആണ് റിട്ടയർ ചെയ്യേണ്ടത്?**
- **റിട്ടയർമെന്റിന് ശേഷം നിങ്ങൾക്ക് എത്ര പണം ആവശ്യമായിരിക്കും?**
- **നിങ്ങൾക്ക് നേരത്തെ റിട്ടയർ ചെയ്യാൻ സാധിക്കുമോ?**
- **നിങ്ങൾ ജോലി നിർത്തി കഴിഞ്ഞാൽ സ്ഥിരമായ വരുമാനം എങ്ങനെ ഉറപ്പാക്കും?**

ഞാൻ വിശദമാക്കാം.

1. ആദ്യത്തെ കാര്യം – **നിങ്ങൾക്ക് എപ്പോൾ ആണ് റിട്ടയർ ചെയ്യേണ്ടത്?**

നിങ്ങൾക്ക് അടുത്ത 10 വർഷം ജോലി ചെയ്യാനോ? അതോ 20 വർഷം? 30 വർഷം? അതോ അതിലും കൂടുതൽ? ഓർക്കുക, ഒരു മനുഷ്യൻ 80 വയസിൽ കൂടുതൽ ജീവിക്കാം; അതിനാൽ നേരത്തെ റിട്ടയർ ചെയ്താൽ, കൂടുതൽ കാലത്തേക്ക് നിങ്ങൾക്ക് പെൻഷൻ ആവശ്യമായി വരും.

2. രണ്ടാമത്തെ കാര്യം – **റിട്ടയർമെന്റിന് ശേഷം പ്രതിമാസം നിങ്ങൾക്ക് എത്ര പണം ആവശ്യമായിരിക്കും?**

- ഇത് പ്രതിദിനം നിങ്ങൾക്ക് വേണ്ട ഭക്ഷണം, വസ്ത്രം, മരുന്നുകൾ എന്നിവയെ അടിസ്ഥാനമാക്കി ആയിരിക്കും. നിലവിലെ ചില ചെലവുകളുടെ സ്വഭാവം മാറിയേക്കാം. ഉദാഹരണത്തിന്, സ്കൂൾ ഫീസ് ചികിത്സ ചിലവുകൾക്ക് വഴി മാറിയേക്കാം.

- വിലക്കയറ്റമാണ് നിങ്ങൾ പരിഗണിക്കേണ്ട മറ്റൊരു പ്രധാന ഘടകം. ലളിതമായ ഒരു ഉദാഹരണത്തിലൂടെ ഞാൻ ഇത് വിശദമാക്കാം. ഇന്ന്, നിങ്ങൾ 1 കിലോ അരി ₹ 50 വിലയിൽ വാങ്ങുന്നു എന്നിരിക്കട്ടെ. 10 വർഷത്തിൽ, 5% പണപ്പെരുപ്പ തോതിൽ, അതിന് ₹ 75 ആകും. റിട്ടയർമെന്റ് ആസൂത്രണത്തിൽ വിലക്കയറ്റം ഒരു ഘടകമായി കണ്ടില്ലെങ്കിൽ വരാവുന്ന പെൻഷനിലെ കുറവ് ഒന്ന് ആലോചിച്ച് നോക്കൂ.

നിങ്ങൾക്ക് ഇന്ന് 30 വയസാണെങ്കിൽ റിട്ടയർമെന്റ് സമയത്തെ കണക്ക് ഇങ്ങനെ ഇരിക്കും.

നിലവിലെ പ്രായം = 30 വയസ്

നിലവിലെ ചിലവുകൾ = ₹ 10,000 പ്രതിമാസം

60 വയസിൽ റിട്ടയർ ചെയ്ത് 80 വയസ് വരെ ആസൂത്രണം

പണപ്പെരുപ്പം = 5%

പണപ്പെരുപ്പം കണക്കാക്കി റിട്ടയർമെന്റ് സമയത്തെ ചിലവുകൾ = ₹ 43,000 പ്രതിമാസം

പണപ്പെരുപ്പം കണക്കാക്കിയില്ലെങ്കിൽ ചെലവുകളിൽ പ്രതിമാസം വരാവുന്ന കുറവ് = ₹ 33,000

വിലക്കയറ്റം മനസിലാക്കേണ്ടത് റിട്ടയർമെന്റ് ആസൂത്രണത്തിൽ എത്ര അധികം പ്രധാനമാണ് എന്ന് നിങ്ങൾക്ക് ഇപ്പോൾ വ്യക്തമായിരിക്കും.

3. **നിങ്ങൾക്ക് വേഗം റിട്ടയർ ചെയ്യാമോ** എന്ന് തീരുമാനിക്കാൻ, റിട്ടയർ ചെയ്യുമ്പോൾ വേണ്ട തുക മനസിലാക്കേണ്ടതുണ്ട്.

അതേ ഉദാഹരണം തുടരുന്നു.

നിങ്ങൾക്ക് നിലവിൽ 30 വയസ് ഉണ്ട്

നിങ്ങളുടെ നിലവിലെ പ്രതിമാസ ചിലവ് ₹ 10,000 ആണ്

പണപ്പെരുപ്പം 5% ആണ്

നിങ്ങളുടെ പെൻഷനിലേക്കുള്ള നിക്ഷേപത്തിന്റെ റിട്ടേൺ 10% ആണ്

സമ്പാദ്യം 80 വയസ് വരെയെങ്കിലും വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു

നിങ്ങൾ 60 വയസ് വരെ ജോലി ചെയ്യുകയാണെങ്കിൽ, പ്രതിമാസം ₹ 2,942 നീക്കിവയ്ക്കേണ്ടതുണ്ട്

എന്നാൽ നിങ്ങൾക്ക് 50 വയസിൽ റിട്ടയർ ചെയ്യണമെങ്കിൽ, കൂടുതൽ സമ്പാദിക്കേണ്ടതുണ്ട് — അതായത്, പ്രതിമാസം ₹ 6,660.

4. റിട്ടയർമെന്റിന് ശേഷം സ്ഥിരവും ആവശ്യത്തിനുതകുന്ന വരുമാനവും ഉറപ്പാക്കാൻ, നിങ്ങൾ ഓർക്കേണ്ട പ്രധാന ഘടകം **പെൻഷൻ നിക്ഷേപത്തിന്റെ റിട്ടേൺ ആണ്**.

റിട്ടേൺ വിലക്കയറ്റത്തിന് ഉതകുന്ന തരത്തിൽ വേണമെങ്കിൽ, നിക്ഷേപങ്ങൾ ബുദ്ധിപൂർവം തിരഞ്ഞെടുക്കണം. വിവിധ നിക്ഷേപങ്ങളുടെ അപകടസാധ്യതകളും കിട്ടുന്ന റിട്ടേണുകളും മനസിലാക്കുക

നിങ്ങൾ പ്രതിമാസം ₹ 500 നിക്ഷേപിക്കുന്നു എന്ന് കരുതുക. 30 വർഷത്തിന് ശേഷം നിങ്ങളുടെ പെൻഷൻ നിക്ഷേപത്തിന്റെ പ്രതീക്ഷിക്കുന്ന റിട്ടേൺ ഓരോ നിക്ഷേപത്തിനും വിഭിന്നമായിരിക്കും.

ബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റുകൾ പോലെയുള്ള സ്ഥിര റിട്ടേൺ നിക്ഷേപങ്ങൾ സുരക്ഷിതമാണ്, പക്ഷെ വിപണി-അനുബന്ധ നിക്ഷേപങ്ങളെക്കാൾ കുറവ് റിട്ടേൺ മാത്രമേ നൽകൂ.

സ്ഥിര റിട്ടേണിൽ 6% പ്രതിവർഷം എന്ന നിരക്കിൽ നിക്ഷേപിച്ചാൽ മാത്രമേ ₹ 5,00,000 നേടാൻ കഴിയൂ. 12% വാർഷിക നിരക്കിൽ ഇക്വിറ്റിയിൽ നിക്ഷേപിച്ചാൽ, നിങ്ങൾക്ക് ₹ 17,47,482 റിട്ടയർമെന്റ് ഫണ്ടായി ലഭിക്കും.

നിങ്ങൾക്കിപ്പോൾ റിട്ടയർമെന്റ് ആസൂത്രണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ അറിയാം, പക്ഷെ അതെങ്ങനെ പ്രാവർത്തികമാക്കാം? വിശദാംശങ്ങൾക്കായി തുടർന്ന് വായിക്കുക.

നിങ്ങളുടെ റിട്ടയർമെന്റ് പദ്ധതി നിർമാണം

ശരി, ഇനി നമുക്ക് നിങ്ങളുടെ റിട്ടയർമെന്റ് പദ്ധതി ഉണ്ടാക്കാം. അതിനായി ഒന്ന് രണ്ട് വഴികളുണ്ട്.

1. ആദ്യം, നിങ്ങളുടെ റിട്ടയർമെന്റിനായി **സമ്പാദിക്കേണ്ട തുക മനസിലാക്കണം. അതെങ്ങനെ ചെയ്യുമെന്നാണോ ചിന്തിക്കുന്നത്**? ഇതാണ് റിട്ടയർമെന്റ് കാൽക്കുലേറ്റർ.

- നിങ്ങൾക്ക് വേണ്ട പ്രതിമാസ പെൻഷൻ തീരുമാനിക്കാം
- പെൻഷൻ തുകയുടെ അടിസ്ഥാനത്തിൽ എത്ര പണം നീക്കി വയ്ക്കണമെന്ന് കാൽക്കുലേറ്റർ പറയും
- ഈ ലിങ്കിൽ നിങ്ങൾക്ക് റിട്ടയർമെന്റ് കാൽക്കുലേറ്റർ കാണാം

www.npstrust.org.in/content/pension-calculator

റിട്ടയർ ചെയ്യുമ്പോൾ ആവശ്യമായ ഉയർന്ന സമ്പത്ത് ഉണ്ടാകാൻ നിങ്ങളുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ **പ്രതിമാസം സമ്പാദിക്കേണ്ട തുക,** തുക ഈ ടേബിൾ കാണിക്കും.



2. അടുത്തതായി, നിങ്ങളുടെ **നിലവിലെ സ്ഥിതി വിലയിരുത്തണം.**

- നിലവിൽ കിട്ടുന്ന തുക കൊണ്ട് നിങ്ങളുടെ പ്രായത്തിൽ എത്ര സമ്പാദിക്കാം എന്ന് നോക്കുക
- സമ്പാദിക്കാൻ തുടങ്ങുക. തുക ചെറുതാണെങ്കിലും പേടിക്കേണ്ട. പണം പിന്നീട് ഉണ്ടാകുമ്പോൾ കൂടുതൽ സമ്പാദിക്കുക
- നിങ്ങൾക്ക് ഇപ്പോൾ എടുക്കാൻ കഴിയുന്ന റിസ്കുകൾ തിട്ടപ്പെടുത്തുക. സുരക്ഷിതമായ എന്നാൽ ചെറിയ ഫലം ലഭിക്കുന്ന നിക്ഷേപങ്ങൾ അല്ലെങ്കിൽ കൂടുതൽ ലഭിക്കുന്ന എന്നാൽ അപകടസാധ്യത ഉള്ളവ നിങ്ങൾക്ക് തിരഞ്ഞെടുക്കാം

3. അവസാനമായി, വിവിധ പെൻഷൻ പ്ലാനുകൾ കുറിച്ച് സമഗ്രമായി അറിയുക.

- പദ്ധതി പെൻഷൻ നൽകുന്നുണ്ടോ എന്ന് പരിശോധിക്കുക (NPS, ഇൻഷുറൻസ് പിന്നെ മറ്റുള്ളവ)
- നിങ്ങൾക്ക് ഉറപ്പായ പെൻഷൻ ലഭിക്കാൻ പദ്ധതി സഹായിക്കുമോ എന്ന് പരിശോധിക്കുക
- നിങ്ങളുടെ പെൻഷൻ പദ്ധതി ഏത് ആസ്തി വിഭാഗങ്ങളിലാണ് നിക്ഷേപിക്കുന്നത് എന്ന് കണ്ടെത്തുക

ലഭ്യമായ പദ്ധതികൾ പരിശോധിച്ച് അവയുടെ സാമ്പത്തിക പ്രയോജനങ്ങളും റിസ്കുകളും മനസിലാക്കിയ ശേഷം തീരുമാനം എടുക്കുക. കൂടാതെ, എപ്പോഴും മാർഗം നിർദേശങ്ങൾക്ക് ഞാനും ഉണ്ടാകും. PFRDA സപ്പോർട്ട് എന്ന എന്നെ 1800110708, 1800110069 എന്നീ കോൾ സെന്റർ നമ്പറുകളിൽ നിങ്ങൾക്ക് ബന്ധപ്പെടാം. NPS, APY സംബന്ധിച്ച ചോദ്യങ്ങൾക്ക് യഥാക്രമം 1800222080,18008891030 എന്നിവയിൽ ബന്ധപ്പെടാം.

മണിറാം മന്ത്ര

പ്രതീക്ഷിക്കുന്ന ചിലവുകൾക്കും നിലവിലെ പ്രായത്തിനും അനുസരിച്ച് എത്ര സമ്പാദിക്കാം എന്നത് മനസിലാക്കുന്നതാണ് നിങ്ങളുടെ **റിട്ടയർമെന്റ് പദ്ധതി** നിർമാണത്തിന്റെ തുടക്കം

നിങ്ങളുടെ പെൻഷൻ നിക്ഷേപത്തിന് **സാധ്യമായ ഓപ്ഷനുകൾ** കണ്ടെത്തുക.

വിവിധ ഓപ്ഷനുകളിലെ **റിസ്കും** റിട്ടേണും **മനസിലാക്കുക.**

ചാപ്റ്റർ 03

പെൻഷൻ ഉത്പന്ന സവിശേഷതകൾ: മുഖ്യ പരിഗണനകൾ

റിട്ടയർമെന്റിന് ആസൂത്രണം നടത്തുമ്പോൾ പണപ്പെരുപ്പത്തിന്റെ പ്രാധാന്യം നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായിട്ടുണ്ട്. പണപ്പെരുപ്പത്തിന് അതീതമാകണമെങ്കിൽ നിങ്ങളുടെ പണം വേഗത്തിൽ വളരണം.

വിപണിയിലെ വിവിധ ഉത്പന്നങ്ങളിൽ നിന്ന്, നിങ്ങൾക്ക് ഏറ്റവും യോജിച്ചത് എങ്ങനെ തീരുമാനിക്കാം എന്നത് കഠിനമാണ്. കൃത്യമായ തീരുമാനം എടുക്കാൻ നിങ്ങളെ സഹായിക്കുന്നതിന്, ഞാൻ അടിസ്ഥാന കാര്യം പറയാം – സാമ്പത്തിക റിട്ടേണുകളെ കുറിച്ച് ഞാൻ പിന്നീട് സംസാരിക്കാം.

1. ആദ്യം, **നിങ്ങളുടെ നിക്ഷേപ ഓപ്ഷൻ എത്ര വ്യവസ്ഥാപിതമാണെന്ന് കണ്ടെത്തുക.**

- നിങ്ങളുടെ പണം ഉത്തരവാദിത്തത്തോടെ നിക്ഷേപിച്ചിരിക്കുന്നു എന്ന് നിയമങ്ങൾ ഉറപ്പാക്കും
- നിയന്ത്രിക്കുന്നവർ പുറപ്പെടുവിക്കുന്ന ഉത്പന്ന മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി നിങ്ങളുടെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നു

2. രണ്ടാമതായി, **നിങ്ങളുടെ പെൻഷൻ പ്ലാൻ പരിപാലിക്കാനുള്ള ചിലവ് കണക്കാക്കുക.**

- ഉയർന്ന ചിലവെന്നാൽ കുറവ് റിട്ടേൺ – അതോർക്കുക!
- ചിലവ് നിങ്ങളുടെ നിക്ഷേപ റിട്ടേണിനെ ബാധിക്കാം, അതിനാൽ കുറഞ്ഞ ചിലവുള്ള നിക്ഷേപങ്ങൾ നോക്കുക

3. മൂന്നാമതായി, **പെൻഷൻ പദ്ധതി എത്ര സുതാര്യമാണെന്ന്** പരിശോധിക്കുക.

- നിരക്കുകൾ എത്രയാണെന്നും പെൻഷനിലേക്ക് നൽകുന്ന തുക എങ്ങനെ നിക്ഷേപിക്കുന്നു എന്നും കൃത്യമായി കാണിക്കുന്ന പദ്ധതി ആണെങ്കിൽ, തീരുമാനം എടുക്കുന്നത് എളുപ്പമാകും

4. നാലാമതായി, **പെൻഷൻ പദ്ധതി സർവീസ് ഡെലിവറി നൽകുന്നോ എന്നും പ്രശ്നങ്ങൾ / പരാതികൾ പരിഹരിക്കുമോ എന്നും** കണ്ടെത്തുക.

- നിങ്ങളുടെ പ്രശ്നങ്ങൾ നോക്കാൻ പ്രത്യേക മാർഗം ഉണ്ട് – അത് വേഗത്തിലും മനസ്സിലാക്കിയും ചെയ്യുന്നു
- നിങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വേണ്ട പരിഹാരം നൽകാൻ ആരെങ്കിലും ലഭ്യമാകുന്ന തരത്തിൽ സൗകര്യപ്രദമായ ആശയവിനിമയ മാർഗം ഉണ്ടാകണം

5. അടുത്തതായി, തുടക്കം മുതലും കഴിഞ്ഞ അഞ്ച് മുതൽ ഏഴ് വർഷങ്ങളിലും **പദ്ധതിയുടെ പ്രകടനം എങ്ങനെ ആണെന്ന് അറിയുക.**

- സ്ഥിരമായ റിട്ടേണുകൾ ഉണ്ടായിരിക്കണം
- റിട്ടേണുകൾ ഒരു വർഷം കുറവും അടുത്തതിൽ കൂടുതലും ആകരുത്

6. അവസാനമായി, **പെൻഷൻ പദ്ധതി ഓൺലൈൻ സേവനങ്ങൾ നൽകുന്നോ** എന്ന് പരിശോധിക്കുക.

- ഓൺലൈൻ സേവനങ്ങളുടെ പ്രാധാന്യം ഞാൻ പ്രത്യേകിച്ച് വിശദീകരിക്കേണ്ടതില്ല. ഓൺലൈനിൽ കാര്യങ്ങൾ നടത്താൻ തുടങ്ങിയതിൽ പിന്നെ ജീവിതം എത്ര ലളിതമായി എന്ന് നിങ്ങൾക്ക് അറിയാവുന്നതാണല്ലോ.

ഈ പ്രധാന കാര്യങ്ങൾ നിങ്ങൾ പരിഗണിച്ച ശേഷം, ശരിയായ പെൻഷൻ നിക്ഷേപം തിരഞ്ഞെടുക്കുന്നത് എളുപ്പമാകും.

റിട്ടയർമെന്റിനായുള്ള നിക്ഷേപ ഓപ്ഷനുകൾ

ശരിയായ നിക്ഷേപ ഓപ്ഷൻ തിരഞ്ഞെടുക്കുന്നതിന് ഒരുപാട് ചിന്തയും ആസൂത്രണവും ആവശ്യമാണ്. കൂടാതെ, ഒരുപാട് ആശയക്കുഴപ്പങ്ങളും ഉണ്ടാകാം. അതിനാണ് ഞാൻ ഇവിടെ ഉള്ളത്.

നാഷണൽ പെൻഷൻ സിസ്റ്റം (NPS), അടൽ പെൻഷൻ യോജന (APY), പബ്ലിക് പ്രോവിഡന്റ് ഫണ്ട് (PPF), ഇൻഷുറൻസ് കമ്പനികളിൽ നിന്നുള്ള മ്യൂച്വൽ ഫണ്ടുകളും പെൻഷൻ സ്കീമുകളും, മ്യൂച്വൽ ഫണ്ടുകൾ എന്നിവയിൽ നിന്ന് നിങ്ങൾക്ക് ഏതും തിരഞ്ഞെടുക്കാം. നിങ്ങൾക്ക് മനസിലാകാനായി ഓരോന്നിന്റെയും നടപടിക്രമങ്ങൾ ഞാൻ ലിസ്റ്റ് ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് ഏറ്റവും യോജിച്ചതാണ് നിങ്ങൾ തിരഞ്ഞെടുക്കേണ്ടത്.

ഈ പദ്ധതികളുടെ ചില പ്രധാന സവിശേഷതകൾ നോക്കൂ.

	നാഷണൽ പെൻഷൻ സിസ്റ്റം (NPS)	അടൽ പെൻഷൻ യോജന (APY)	പബ്ലിക് പ്രോവിഡന്റ് ഫണ്ട് (PPF)	മ്യൂച്വൽ ഫണ്ടുകൾ	ഇൻഷുറൻസ് കമ്പനികളിൽ നിന്നുള്ള പെൻഷൻ സ്കീമുകൾ
എവിടെ നിക്ഷേപിക്കുന്നു	ഇക്വിറ്റി/ബോണ്ടുകൾ	ഇക്വിറ്റി/ബോണ്ടുകൾ	ബോണ്ടുകളും മറ്റുള്ളവയും	ഇക്വിറ്റി/ ബോണ്ടുകൾ	ഇക്വിറ്റി/ ബോണ്ടുകൾ
സ്ഥിര റിട്ടേണുകൾ	അല്ല	പെൻഷൻ തുക ഉറപ്പാണ്	അതെ	അല്ല	അല്ല
നിക്ഷേപക മുതൽമുടക്ക്	0.26-0.3%	ലഭ്യമല്ല	ഇല്ല	1-2%	>5%
പ്രയോജനങ്ങൾ	1. മാറ്റാവുന്നത് 2. കുറഞ്ഞ ചെലവ് 3. സെക്ഷൻ 80C ക്ക് കീഴിൽ നടത്തിയ സംഭാവനകൾക്ക് നികുതി ആനുകൂല്യങ്ങൾ ലഭിക്കും, കൂടാതെ സെക്ഷൻ 80CCD (1B) യുടെ കീഴിൽ പ്രത്യേകമായി ₹ 50,000 ലഭിക്കും 4. ഒരുമിച്ചുള്ള തുക + പതിവായുള്ള പെൻഷൻ 5. നിബന്ധനകൾക്ക് വിധേയമായി പിൻവലിക്കലുകൾ സാധ്യമാകാം 6. നേരത്തെയുള്ള ക്ലോസ് ചെയ്യലുകൾ സാധ്യമാണ് 7. പിൻവലിക്കുന്നതിന് നികുതി ഇല്ല 8. ആന്വിറ്റി വാങ്ങുമ്പോൾ GST ഇല്ല	1. നിബന്ധനകൾക്ക് വിധേയമായി നേരത്തെയുള്ള ക്ലോസ് ചെയ്യൽ സാധ്യമാണ് 2. സംഭാവനകൾ അനുസരിച്ച് സ്ഥിരമായ പെൻഷൻ തുക 3. സെക്ഷൻ 80 CCD (1B) ക്ക് കീഴിലെ സംഭാവനകൾക്ക് നികുതി ആനുകൂല്യങ്ങൾ	1. മാറ്റാവുന്നത് 2. ഒരുമിച്ചുള്ള തുക പ്രയോജനം മാത്രം 3. സ്ഥിരമായ റിട്ടേൺ 4. സെക്ഷൻ 80C ക്ക് കീഴിൽ നികുതി ആനുകൂല്യം 5. നിബന്ധനകൾക്ക് വിധേയമായി നേരത്തെയുള്ള ക്ലോസ് ചെയ്യൽ സാധ്യമാണ്	1. ലോക്ക്-ഇൻ കാലാവധി ഇല്ല; അവസാനിപ്പിച്ച് പുറത്തുപോകുന്ന തിനുള്ള നിരക്കുകൾ ബാധകം 2. തിരഞ്ഞെടുക്കാൻ വിവിധ സ്കീമുകൾ 3. സെക്ഷൻ 80C ക്ക് കീഴിൽ നികുതി ആനുകൂല്യം	1. ലൈഫ് കവറും നൽകുന്നു 2. സെക്ഷൻ 80C ക്ക് കീഴിൽ നികുതി ആനുകൂല്യം
ദോഷങ്ങൾ	1. കുറഞ്ഞത് 5 വർഷം ലോക്ക്-ഇൻ കാലാവധി; അവസാനിപ്പിച്ച് പുറത്തുപോകുമ്പോൾ നിരക്കുകളും ഉണ്ട്	1. നികുതി ആനുകൂല്യം ഇല്ല	1. കുറഞ്ഞത് 5 വർഷം ലോക്ക്-ഇൻ കാലാവധി; അവസാനിപ്പിച്ച് പുറത്തുപോകു മ്പോൾ നിരക്കുകളും ഉണ്ട് 2. പരമാവധി നിക്ഷേപത്തിനും റിട്ടേണുകൾക്കും പരിധിയുണ്ട്	1. കുഴയ്ക്കുന്ന വിധത്തിൽ- തിരഞ്ഞെടുക്കാൻ കുറേയധികം ഫണ്ടുകൾ 2. ഫണ്ടുകൾ നിരീക്ഷിക്കേണ്ടതുണ്ട്	ഉയർന്ന ചെലവ്, അതിനാൽ നിക്ഷേപക റിട്ടേണുകൾ കുറയും

പെൻഷൻ ആനുകൂല്യം

റിട്ടയർ ചെയ്യുമ്പോൾ, നിങ്ങൾ ഒരുവിധം വലിയ ഫണ്ട് സ്വരൂപിച്ചിരിക്കാം(വലിയ തുക ആണെന്ന് തോന്നാം) പക്ഷെ നിങ്ങൾക്കിപ്പോഴും ആശയക്കുഴപ്പം ഉണ്ടാകാം. അത് ഒരുമിച്ച് വയ്ക്കണോ അതോ ശമ്പളം പോലെ നിശ്ചിതസമയങ്ങളിൽ ലഭിക്കുന്ന പേയ്മെന്റ് ആക്കി മാറ്റണോ?

ഒരുമിച്ച് വയ്ക്കുന്നത് കടങ്ങൾ വീട്ടാൻ അല്ലെങ്കിൽ കുടുംബത്തിന് വേണ്ടി ചെലവാക്കാൻ അല്ലെങ്കിൽ വിശ്രമദിവസം ആഘോഷിക്കാൻ നിങ്ങളെ സഹായിക്കും. എന്നാൽ, ആഗോളതലത്തിൽ നടന്നിട്ടുള്ള പഠനങ്ങൾ പറയുന്നത് ഒരുമിച്ച് വയ്ക്കുന്ന റിട്ടയർമെന്റ് പണം വേഗം തീരുന്നു എന്നാണ്, ചിലപ്പോൾ റിട്ടയർമെന്റ് കഴിഞ്ഞ് അഞ്ച് വർഷങ്ങൾക്കുള്ളിൽ തന്നെ. ഓർക്കുക, 60 വയസിന് ശേഷം ഒരാൾ 20 വർഷം കൂടി ജീവിച്ചിരിക്കാൻ സാധ്യത ഉണ്ട്.

മറുവശത്ത്, സ്ഥിരമായ റിട്ടയർമെന്റ് വരുമാനം മുൻകൂട്ടി കാണാനാവുന്നതും പ്രതിമാസ ബജറ്റ് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതുമാണ്, മാത്രമല്ല ജോലി സമയത്തുണ്ടായിരുന്ന ശമ്പളത്തെ പോലെത്തന്നെയാണ്.

ഒരുമിച്ച് ലഭിക്കുന്ന പേയ്മെന്റിനേക്കാൾ പെൻഷന് ഉള്ള പ്രയോജനങ്ങൾ മനസിലാക്കാൻ താഴെ കൊടുത്തിരിക്കുന്ന താരതമ്യം പരിശോധിക്കുക.

പെൻഷൻ/ആന്വിറ്റി	ഒരുമിച്ചുള്ള പേയ്മെന്റുകൾ
ഉറപ്പായും ക്രമീകൃതമായ പേ ഔട്ടുകൾ	ക്രമീകൃതമായ പേ ഔട്ടുകൾ ഇല്ല
മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷിത ബോധം നൽകുന്നു	പിൻവലിക്കാൻ കൂടുതൽ വഴികൾ നൽകുന്നു, എന്നാൽ കൂടുതൽ ഉത്തരവാദിത്തം ആവശ്യമാകുന്നു
ചിലവുകൾ കൈകാര്യം ചെയ്യാൻ കൂടുതൽ സാധ്യത	കൂടുതൽ ചിലവാക്കാൻ സാധ്യത
ജീവിത കാലം മുഴുവൻ നിങ്ങൾക്ക് ഉറപ്പായ പേയ് മെന്റുകൾ ലഭിക്കും	മനസിലാകുന്നതിന് മുൻപേ പണം തീരാൻ കൂടുതൽ സാധ്യത
നിങ്ങളുടെ റിട്ടയർമെന്റിലും സമ്പാദ്യം ആസൂത്രണം ചെയ്യാൻ സഹായിക്കുന്നു	സ്ഥിരമായ വരുമാനം ലഭിക്കാൻ വിശദമായ സാമ്പത്തിക അറിവും തുടർച്ചയായ നിരീക്ഷണവും ആവശ്യമാണ്

അപ്പോൾ, അടുത്തത് എന്താണ്?

നമ്മൾ ഇവിടെ വിവിധ തരം പദ്ധതികൾ പറഞ്ഞിട്ടുണ്ട്, എന്നാൽ, രണ്ടെണ്ണത്തെ കുറിച്ച് നിങ്ങൾ വിശദമായി മനസിലാക്കണം — അവയാണ്, നാഷണൽ പെൻഷൻ സിസ്റ്റവും അടൽ പെൻഷൻ യോജനയും. ഇവ ഭൂരിഭാഗം ആളുകളുടെയും പ്രതീക്ഷകൾ നിറവേറ്റുമെന്ന് എനിക്കുറപ്പാണ്.

NPS ന്റെയും APY യുടെയും അടുത്ത ചാപ്റ്ററിലേക്ക് കടക്കും മുമ്പ്, നിങ്ങൾ ഇന്ന് മുതൽ തന്നെ എടുക്കേണ്ട ചില മുൻകരുതലുകളെ കുറിച്ച് ഞാൻ പറയാം.

സ്ഥിരമായ പെൻഷൻ ലഭിച്ച് സാമ്പത്തികമായ സുസ്ഥിതി കൈവരിക്കാൻ മുൻകൂട്ടി ആസൂത്രണം ചെയ്യുക

- ചിലവുകൾ നിരീക്ഷിക്കുക
- ഉപഭോഗം, ജീവിത ശൈലി, ചിലവുകൾ എന്നിവയ്ക്ക് ലോണുകൾ എടുക്കാതിരിക്കുക
- സാമ്പത്തിക രേഖകൾ ക്രമത്തിൽ സൂക്ഷിക്കുക
- നോമിനി വിവരങ്ങൾ എപ്പോഴും അപ്ഡേറ്റ് ചെയ്യുക

തട്ടിപ്പുകൾക്കെതിരെ ജാഗ്രത പുലർത്തുക

- അപരിചിതരുമായി ഒരു സാമ്പത്തിക വിവരങ്ങളും പങ്കു വയ്ക്കരുത്
- നിങ്ങളുടെ ഡെബിറ്റ് കാർഡും അതിന്റെ വിവരണങ്ങളും മറ്റുള്ളവർക്ക് നൽകരുത്
- ഡിജിറ്റൽ ഇടപാടുകളിൽ ശ്രദ്ധ പുലർത്തുക
- അപരിചിതരിൽ നിന്ന് നിങ്ങളുടെ അക്കൗണ്ടിലേക്ക് പണം സ്വീകരിക്കാൻ സമ്മതിക്കരുത്
- നിങ്ങളുടെ ഫോൺ/കമ്പ്യൂട്ടറിന്റെ ആക്സസ് ആർക്കും കൊടുക്കരുത്
- KYC സന്ദേശങ്ങൾ ശ്രദ്ധ പുലർത്തുക – നിങ്ങളുടെ ബാങ്ക്/ധനകാര്യ സ്ഥാപനത്തിന്റെ ശാഖയുമായി നേരിട്ടോ അവരുടെ വെബ്സൈറ്റിലൂടെയോ മാത്രം ഇടപാടുകൾ നടത്തുക

മണിറാം മന്ത്ര

നിക്ഷേപിക്കുന്നതിന് മുൻപ് പരിഗണിക്കേണ്ട പ്രധാന കാര്യങ്ങൾ – **ചിലവ്, സുതാര്യത, നിയമങ്ങൾ, സേവന തലങ്ങൾ.**

ഒരുമിച്ചുള്ള **പേയ്മെന്റുകളെക്കാൾ പെൻഷൻ സ്ഥിരമായ തുക** നൽകുന്നു.

നാഷണൽ പെൻഷൻ സിസ്റ്റവും അടൽ പെൻഷൻ യോജനയും ഭൂരിഭാഗം ആളുകളുടെയും പ്രതീക്ഷകൾ നിറവേറ്റും.

ചാപ്റ്റർ 04

നാഷണൽ പെൻഷൻ സിസ്റ്റത്തിന്റെ മാന്ത്രികത

എന്നാൽ ശരി, പെൻഷൻ ആസൂത്രണത്തിലെ സൂപ്പർ താരത്തിനായി നിങ്ങൾ തയ്യാറാണോ?

നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു, നാഷണൽ പെൻഷൻ സിസ്റ്റം (NPS).

വ്യക്തിഗത പെൻഷൻ അക്കൗണ്ടിലേക്ക് പണം നീക്കി വയ്ക്കാൻ അനുവദിക്കുന്ന സ്കീം ആണ് NPS. നിങ്ങളുടെ ജോലി കാലഘട്ടം മുഴുവനും ഈ അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ച് റിട്ടയർമെന്റിന് ശേഷം അത് ആസ്വദിക്കാൻ അനുവദിക്കുന്നു.

അത് മാത്രമല്ല! വർഷത്തിൽ എപ്പോൾ വേണമെങ്കിലും NPS ൽ നിക്ഷേപിക്കാം. ഇത് നിങ്ങളെ നികുതി കിഴിവുകൾക്ക് അർഹരാക്കുന്നു. മാത്രമല്ല പിൻവലിക്കുമ്പോൾ നികുതിക്ക് ഫലപ്രദവുമാണ്.

ഈ പ്രത്യേക പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് നമുക്ക് കടക്കാം.

സരളത

ലളിതമായ പ്രക്രിയയിലൂടെ ഒരു NPS അക്കൗണ്ട് തുറന്ന് നിങ്ങളുടെ പെർമനെന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) നേടുക.

സംഭാവനകൾ ഇഷ്ടപ്രകാരം

NPS ഏതു തുകയും വർഷത്തിൽ ഏത് സമയത്തും നിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു (ഓരോ സംഭാവനയും കുറഞ്ഞത് ₹ 500 ആയിരിക്കണം; പ്രതിവർഷം ആകെ സംഭാവന ₹ 1000 അല്ലെങ്കിൽ കൂടുതൽ ആയിരിക്കണം).

നിക്ഷേപ സ്വാതന്ത്ര്യം

NPS വിവിധ നിക്ഷേപക ഓപ്ഷനുകൾ തിരഞ്ഞെടുക്കാൻ അനുവദിക്കുന്നു, അങ്ങനെ നിങ്ങൾക്ക് ഇഷ്ടമുള്ള തരത്തിൽ റിട്ടയർമെന്റ് ആസൂത്രണം ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് ഈ ചാപ്റ്ററിലെ "NPS ന്റെ കീഴിലെ നിക്ഷേപക ഓപ്ഷനുകൾ" എന്ന വിഭാഗം നോക്കുക.

മാറ്റാവുന്നത്

നിങ്ങൾ ഒരിക്കൽ ഒരു NPS അക്കൗണ്ട് തുറന്നാൽ, അത് എന്നെന്നേക്കും നിങ്ങളുടേതായിരിക്കും – ജോലിയുടെ ഭാഗമായി സ്ഥലമോ പ്രവർത്തന മണ്ഡലമോ മാറിയാലും.

കുറഞ്ഞ ചിലവ്

ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ചിലവ് വരുന്ന പെൻഷൻ പദ്ധതികളിൽ ഒന്നാണ് NPS. ദീർഘകാല സമ്പാദ്യത്തിലൂടെയും നിക്ഷേപങ്ങളിലൂടെയും പണപ്പെരുപ്പത്തിന് അതീതമായ റിട്ടേൺ നൽകി റിട്ടയർമെന്റ് ഫണ്ട് വർധിപ്പിക്കാൻ അത് നിങ്ങളെ അനുവദിക്കുന്നു.

എളുപ്പത്തിൽ പ്രവേശനം

e-NPS അല്ലെങ്കിൽ ഏതെങ്കിലും PoP കളിലൂടെ നിങ്ങളുടെ NPS അക്കൗണ്ട് നമ്പർ തുടങ്ങുക കൂടാതെ ഈ മാർഗത്തിലൂടെ തന്നെ അക്കൗണ്ടിലേക്ക് ഓൺലൈൻ സംഭാവനകൾ നടത്തുക.

നികുതി ലാഭം

നിങ്ങളുടെ സംഭാവനകൾ നികുതി കിഴിവുകൾക്ക് അർഹമാണ്. കൂടുതൽ വിവരങ്ങൾക്ക് "NPS ലെ നികുതി" എന്ന വിഭാഗം നോക്കുക

സ്ഥിരത

നിങ്ങൾക്ക് പതിവ് വരുമാനത്തെ കുറിച്ച് ആദി വേണ്ട എന്തെന്നാൽ NPS പെൻഷൻ പേയ്മെന്റുകളുടെ സ്ഥിരത നൽകുന്നു (നിങ്ങൾ തിരഞ്ഞെടുത്ത പെൻഷൻ തരത്തിന്റെ അടിസ്ഥാനത്തിൽ അത് സ്ഥിരമോ മാറുന്നതോ ആകാം).

മികച്ച രീതിയിൽ വ്യവസ്ഥാപിതം

NPS ട്രസ്റ്റ് കൈകാര്യം ചെയ്യുന്ന ഫണ്ടുകളുടെ സുതാര്യമായ പെൻഷൻ നിക്ഷേപക നിയമങ്ങൾ, പതിവായ നിരീക്ഷണം, പ്രകടന അവലോകനം എന്നിവ നടത്തുന്ന പെൻഷൻ ധന നിർവഹണ & വികസന കാര്യാലയം (PFRDA) ആണ് NPS നിയന്ത്രിക്കുന്നത്.

NPS ന്റെ കീഴിലെ നിക്ഷേപക ഓപ്ഷനുകൾ

ഇനി, NPS ന്റെ കീഴിലെ നിക്ഷേപക ഓപ്ഷനുകളെ വിശദമായി നോക്കാം. നിങ്ങൾക്ക് ആക്റ്റീവ് ചോയ്സ്, ഓട്ടോ ചോയ്സ് അല്ലെങ്കിൽ മറ്റുള്ളവ തിരഞ്ഞെടുക്കാം.

എന്താണ് ആക്റ്റീവ് ചോയ്സ്?

നിക്ഷേപക മാർക്കറ്റ് നന്നായി അറിയുന്ന ഒരാൾ ആണ് നിങ്ങൾ എങ്കിൽ, ഇത് നിങ്ങൾക്ക് ഉചിതമായിരിക്കും. പേര് സൂചിപ്പിക്കുന്നത് പോലെ, നിങ്ങളുടെ സംഭാവനകൾ വിവിധ ആസ്തി വിഭാഗങ്ങളായ ഇക്വിറ്റി(E), കോർപറേറ്റ് ഡെബ്റ്റ് (C), സർക്കാർ സെക്യൂരിറ്റികൾ (G), മറ്റ് ആസ്തികൾ (A) എന്നിവയിൽ എങ്ങനെ നിക്ഷേപിക്കണമെന്ന് സജീവമായി തീരുമാനങ്ങൾ എടുക്കാൻ ഈ ഓപ്ഷൻ അനുവദിക്കുന്നു.

എന്താണ് ഓട്ടോ ചോയ്സ്?

നിങ്ങൾക്ക് കാര്യങ്ങൾ ലളിതമായി ചെയ്ത് ഫണ്ട് മാനേജർ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യണമെങ്കിൽ, ഓട്ടോ ചോയ്സ് അനുയോജ്യമായ ഓപ്ഷൻ ആണ്. നിങ്ങളുടെ പ്രായത്തെ അടിസ്ഥാനമാക്കി ചലനാത്മകമായി ഫണ്ട് വിനിയോഗിച്ച് വ്യത്യസ്ത ആസ്തി വിഭാഗങ്ങളിലുടനീളം ഇത് നിക്ഷേപം വ്യാപിപ്പിക്കുന്നു. ഓട്ടോ ചോയ്സിലെ മൂന്ന് ആസ്തി വിഭാഗങ്ങളാണ് അഗ്രെസ്സിവ്, മോഡറേറ്റ്, കൺസർവേറ്റിവ്.

സ്കീം മാറ്റവും പെൻഷൻ ഫണ്ട് മാനേജരും

ഒരു സാമ്പത്തിക വർഷത്തിൽ നാല് തവണ ഓട്ടോ, ആക്റ്റീവ് സ്കീമുകൾ തമ്മിൽ വരിക്കാർക്ക് മാറ്റാം. പെൻഷൻ ഫണ്ട് മാനേജരും വർഷത്തിൽ ഒരിക്കൽ മാറ്റാം.

ഈ ആസ്തി വിഭാഗങ്ങൾ നമുക്ക് വിശദമായി പരിശോധിക്കാം.

അഗ്രെസ്സിവ് ലൈഫ് സൈക്കിൾ ഫണ്ട്

ഈ ഫണ്ട് ഇക്വിറ്റി നിക്ഷേപത്തെ നിങ്ങളുടെ മൊത്തം ആസ്തിയുടെ 75% ആയി പരിമിതപ്പെടുത്തുന്നു. നിങ്ങളുടെ പ്രായം കൂടും തോറും, ഇക്വിറ്റി നിക്ഷേപങ്ങളിലെ പങ്ക് ക്രമേണ കുറയുന്നു. അഗ്രെസ്സിവ് ലൈഫ് സൈക്കിൾ ഫണ്ടിൽ നിങ്ങളുടെ പണം മൂന്ന് ആസ്തി ക്ളാസുകളിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വിനിയോഗിക്കപ്പെടും എന്ന് പരിശോധിക്കൂ.

പ്രായം(വർഷങ്ങൾ)	ആസ്തി ക്ളാസ് E	ആസ്തി ക്ളാസ് C	ആസ്തി ക്ളാസ് G
35 വയസ് വരെ	75	10	15
36	71	11	18
37	67	12	21
38	63	13	24
39	59	14	27
40	55	15	30
41	51	16	33
42	47	17	36
43	43	18	39
44	39	19	42
45	35	20	45
46	32	20	48
47	29	20	51
48	26	20	54
49	23	20	57
50	20	20	60
51	19	18	63
52	18	16	66
53	17	14	69
54	16	12	72
55 വയസും മുകളിലും	15	10	75

മോഡറേറ്റ് ലൈഫ് സൈക്കിൾ

35 വയസ് വരെ ഇക്വിറ്റി നിക്ഷേപങ്ങളിലെ പങ്ക് നിങ്ങളുടെ മൊത്തം ആസ്തിയുടെ 50% ആയിരിക്കും, നിങ്ങൾക്ക് പ്രായം കൂടും തോറും അത് കുറയും.

പ്രായം(വർഷങ്ങൾ)	ആസ്തി ക്ളാസ് E	ആസ്തി ക്ളാസ് C	ആസ്തി ക്ളാസ് G
35 വയസ് വരെ	50	30	20
36	48	29	23
37	46	28	26
38	44	27	29
39	42	26	32
40	40	25	35
41	38	24	38
42	36	23	41
43	34	22	44
44	32	21	47
45	30	20	50
46	28	19	53
47	26	18	56
48	24	17	59
49	22	16	62
50	20	15	65
51	18	14	68
52	16	13	71
53	14	12	74
54	12	11	77
55 വയസും മുകളിലും	10	10	8

പിൻവലിക്കൽ അല്ലെങ്കിൽ അവസാനിപ്പിക്കലിൽ NPS ന്റെ കീഴിലെ നികുതി വ്യവസ്ഥ

മുൻപ് പിൻവലിക്കൽ - അവസാനിപ്പിക്കൽ വിഭാഗത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഭാഗികമായി / മൊത്തമായി/മരണം സംഭവിച്ചാൽ, നികുതി-രഹിത പിൻവലിക്കൽ നടത്താൻ നിങ്ങൾ അർഹരാണ്.

ആന്വിറ്റി/പെൻഷൻ വാങ്ങുമ്പോൾ NPS ന്റെ കീഴിലെ നികുതി വ്യവസ്ഥ

- ആന്വിറ്റി വാങ്ങാൻ നിക്ഷേപിച്ച തുക നികുതി-രഹിതമാണ്
- മറ്റേതൊരു വരുമാനത്തെയും പോലെ, നിങ്ങളുടെ നികുതി ബ്രാക്കറ്റിന് അനുസൃതമായി സാധാരണ പെൻഷൻ/ആന്വിറ്റിക്ക് നികുതി കൊടുക്കണം

കൺസർവേറ്റിവ് ലൈഫ് സൈക്കിൾ ഫണ്ട്

ഈ ഫണ്ട് 35 വയസ് വരെ ഇക്വിറ്റിയിലെ പങ്ക് നിങ്ങളുടെ മൊത്തം ആസ്തിയുടെ 25% ആയി പരിമിതപ്പെടുത്തുന്നു, പ്രായം കൂടും തോറും അത് കുറയും. ഈ ഉദാഹരണം അത് കൂടുതൽ മനസിലാക്കാൻ സഹായിക്കും.

പ്രായം(വർഷങ്ങൾ)	ആസ്തി ക്ളാസ് E	ആസ്തി ക്ളാസ് C	ആസ്തി ക്ളാസ് G
35 വയസ് വരെ	25	45	30
36	24	43	33
37	23	41	36
38	22	39	39
39	21	37	42
40	20	35	45
41	19	33	48
42	18	31	51
43	17	29	54
44	16	27	57
45	15	25	60
46	14	23	63
47	13	21	66
48	12	19	69
49	11	17	72
50	10	15	75
51	9	13	78
52	8	11	81
53	7	9	84
54	6	7	87
55 വയസും മുകളിലും	5	5	9

നികുതിവ്യവസ്ഥയുടെ പ്രയോജനങ്ങൾ

സംഭാവനകളും പിൻവലിക്കൽ അല്ലെങ്കിൽ അവസാനിപ്പിക്കലിൽ വ്യക്തികൾക്കും കോർപറേറ്റ് ജീവനക്കാർക്കും NPS വിവിധ നികുതി പ്രയോജനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ വിഷയങ്ങൾ ഞാൻ താഴെ പ്രതിപാദിച്ചിട്ടുണ്ട്.

സംഭാവനകളിൽ NPS നു കീഴിലെ നികുതിവ്യവസ്ഥ വ്യക്തികൾക്കുള്ള നികുതി ആനുകൂല്യങ്ങൾ

- NPS സംഭാവനകൾക്ക് നിങ്ങൾക്ക് സെക്ഷൻ 80 CCE* പ്രകാരം പരമാവധി ₹ 1.5 ലക്ഷത്തിന് സെക്ഷൻ 80 CCD (1A) യുടെ കീഴിൽ നികുതി പ്രയോജനങ്ങൾ നേടാം.
- NPS (ടയർ I അക്കൗണ്ട്) ൽ ₹ 50,000 വരെയുള്ള നിക്ഷേപത്തിന് NPS വരിക്കാർക്ക് പ്രത്യേകമായി സെക്ഷൻ 80 CCD (1B) യുടെ കീഴിൽ അധിക കിഴിവ് ലഭ്യമാണ്.

*സെക്ഷൻ 80 CCE പ്രകാരം, സെക്ഷൻ 80 C, സെക്ഷൻ 80 CCC കൂടാതെ സെക്ഷൻ 80 CCD യുടെ സബ് സെക്ഷൻ (1) നു കീഴിലുള്ള മൊത്തം നികുതി കിഴിവ് ഒരു കാരണവശാലും ₹ 1.5 ലക്ഷത്തിൽ കൂടരുത്.

കോർപറേറ്റ് ജീവനക്കാർക്കുള്ള നികുതി ആനുകൂല്യങ്ങൾ

സെക്ഷൻ 80 CCD (2) പ്രകാരം കോർപറേറ്റ് ജീവനക്കാർക്ക് സംഭാവനയിൽ ശമ്പളത്തിന്റെ 10% വരെ അധിക നികുതി ആനുകൂല്യങ്ങൾ നേടാൻ കഴിയും. 80 CCD (1A) ലും 80 CCD (1B) ലും പറഞ്ഞിരിക്കുന്ന പരിധികൾക്ക് മുകളിൽ ആണിത് (എല്ലാ നിക്ഷേപക സ്കീമുകളും ചേർത്ത് ₹ 7.5 ലക്ഷം ആയിരിക്കണം എന്ന പരിധിക്ക് വിധേയം).

നിങ്ങളുടെ NPS അക്കൗണ്ട് എങ്ങനെ തുറക്കാം?

ശരി, നിങ്ങളുടെ NPS അക്കൗണ്ട് തുറക്കാൻ സമയമായി. എങ്ങനെ എന്നറിയണോ? അതിന് രണ്ട് വഴികൾ ഉണ്ട്. നിങ്ങൾക്ക് NPS അക്കൗണ്ട് ഓൺലൈൻ ആയോ ഓഫ്‌ലൈൻ ആയോ തുറക്കാം - അത് നിങ്ങളുടെ ഇഷ്ടമാണ്.

ഓൺലൈൻ

eNPS പ്ലാറ്റ്ഫോം https://www.npstrust.org.in/content/open-your-nps-account-online ഉപയോഗിച്ച് നിങ്ങൾക്ക് NPS അക്കൗണ്ട് ഓൺലൈനിൽ തുറക്കാം. ഇത് വേഗമേറിയതും എളുപ്പവും ആണ്; നിങ്ങളുടെ ബാങ്ക് അക്കൗണ്ട്, ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് നിങ്ങൾക്ക് സംഭാവനകൾ നടത്താം.

ഓഫ്‌ലൈൻ

PFRDA നിങ്ങളെ സഹായിക്കാൻ പോയിന്റ് ഓഫ് പ്രെസെൻസ് (POP) എന്ന സ്ഥാപങ്ങളെ നിയോഗിച്ചിട്ടുണ്ട്. NPS അക്കൗണ്ട് തുറക്കുന്നതിനുള്ള ഫോമുകൾ POP കളിൽ നിന്ന് വാങ്ങി ആവശ്യമായ രേഖകൾക്കൊപ്പം അവർക്ക് സമർപ്പിക്കാവുന്നതാണ്. നിങ്ങൾക്ക് POP കൾ വഴി സംഭാവനയും നടത്താവുന്നതാണ്. നിങ്ങൾ കേന്ദ്ര, സംസ്ഥാന അല്ലെങ്കിൽ സ്വകാര്യ കമ്പനി ജീവനക്കാർ ആണെങ്കിൽ, NPS അംഗത്വത്തിനായി HR വിഭാഗത്തെ സമീപിക്കുക. മിക്ക PoP കളും ഇപ്പോൾ അക്കൗണ്ട് തുറക്കാൻ ഓൺലൈൻ ഓപ്ഷൻ നൽകുന്നുണ്ട്.

പിൻവലിക്കൽ/അവസാനിപ്പിക്കൽ (വിത്ത്ഡ്രോവൽ/എക്സിറ്റ്)

വ്യക്തിപരമായ അത്യാവശ്യങ്ങൾക്ക് ഫണ്ടുകൾ ഉപയോഗിക്കാൻ അനുവദിക്കുന്നു എന്നതാണ് NPS ന്റെ പല പ്രയോജനങ്ങളിൽ ഒന്ന്.
എങ്ങനെ എന്ന് നോക്കാം.

അവസാനിപ്പിക്കൽ (എക്സിറ്റ്)

നിങ്ങൾക്ക് ഇനി പറയുന്ന സാഹചര്യങ്ങളിൽ NPS പൂർണമായി അവസാനിപ്പിച്ച് പണം നൽകുന്നത് മതിയാക്കാം.

അവസാനിപ്പിക്കൽ (60 വയസിന് മുൻപ്/റിട്ടയർ ചെയ്യുന്ന ദിവസം)

നേരത്തെ അവസാനിപ്പിക്കുകയാണെങ്കിൽ, നിങ്ങൾ സമാഹരിച്ച തുകയുടെ 80% എങ്കിലും പതിവായി പെൻഷൻ കിട്ടാൻ ഉതകുന്ന ആന്വിറ്റി വാങ്ങാൻ ഉപയോഗിക്കണം. ബാക്കിയുള്ള 20% ഒരുമിച്ച് എടുക്കാം.

NPS ന് കീഴിൽ അക്കൗണ്ട് തുറന്ന് കുറഞ്ഞത് 5 വർഷം പൂർത്തിയായാൽ അനുവദിക്കും
സമാഹരിച്ചത് ₹ 2.5 ലക്ഷത്തിലും കുറവാണെങ്കിൽ, വിരമിക്കുമ്പോൾ അത് ഒരുമിച്ച് നൽകുന്നതാണ്.

മാറ്റിവയ്ക്കൽ ഓപ്ഷൻ
നേരത്തെ അവസാനിപ്പിക്കുകയാണെങ്കിൽ, പെൻഷൻ അല്ലെങ്കിൽ ഒരുമിച്ച് പിൻവലിക്കൽ മാറ്റാനുള്ള ഓപ്ഷൻ നിങ്ങൾക്ക് കിട്ടില്ല.

റിട്ടയർ ചെയ്യുമ്പോൾ

നിങ്ങൾക്ക് 60 വയസാകുമ്പോൾ, 60% ഒരുമിച്ച് പിൻവലിക്കാം, ബാക്കിയുള്ള 40% (നിർബന്ധിത വാർഷിക മുതൽമുടക്ക്) പതിവായ പെൻഷനായി ഉപയോഗിക്കാം.

അവസാനിപ്പിക്കൽ (ചേരുന്നത് 18-60 ന് ഇടയിൽ)

60 വയസിന് മുൻപ് അല്ലെങ്കിൽ സൂപ്പർ ആൻവേഷൻ (പെൻഷൻ എടുത്ത് പിരിയുക) (5 വർഷം പൂർത്തിയായാൽ മാത്രം)

- വാർഷിക മുതൽ മുടക്ക് = കുറഞ്ഞത് 80%
- ഒരുമിച്ച് പിൻവലിക്കാവുന്നത് = പരമാവധി 20%
- മൂലധനം ₹ 2.5 ലക്ഷത്തിന് കുറവാണെങ്കിൽ, മുഴുവനും പിൻവലിക്കാൻ അനുവദിക്കും

60 വയസ് കഴിഞ്ഞു 75 വരെ

- വാർഷിക മുതൽ മുടക്ക് = കുറഞ്ഞത് 40%
- ഒരുമിച്ച് പിൻവലിക്കാവുന്നത് = പരമാവധി 60%
- മൂലധനം ₹ 5 ലക്ഷത്തിന് കുറവാണെങ്കിൽ, മുഴുവനും പിൻവലിക്കാൻ അനുവദിക്കും
- വേണമെങ്കിൽ 75 വയസ് വരെ തുടരാൻ കഴിയും
- മൊത്തം തുക പിൻവലിക്കുന്നത് 75 വയസ് വരെ മാറ്റിവയ്ക്കാം, കൂടാതെ വാർഷിക തവണകളായി പിൻവലിക്കാം. 75 വയസ് വരെ ആന്വിറ്റി വാങ്ങുന്നത് മാറ്റിവയ്ക്കാം.

ഏതെങ്കിലും കാരണം മൂലം മരണം

- നോമിനിക്ക് 100% പെൻഷൻ ധനവും ഒരുമിച്ച് പിൻവലിക്കാം
- മൂലധനം ഉപയോഗിച്ച് ആന്വിറ്റി നോമിനിക്ക് വാങ്ങാം

അവസാനിപ്പിക്കൽ (60 വയസിന് ശേഷം ചേർന്നാൽ)

3 വർഷം പൂർത്തിയാകുന്നതിന് മുൻപ്

- വാർഷിക മുതൽ മുടക്ക് = കുറഞ്ഞത് 80%
- ഒരുമിച്ച് പിൻവലിക്കാവുന്നത് = പരമാവധി 20%
- മൂലധനം ₹ 2.5 ലക്ഷത്തിന് കുറവാണെങ്കിൽ, മുഴുവനും പിൻവലിക്കാൻ അനുവദിക്കും

3 വർഷം പൂർത്തിയാക്കി 75 വയസ് വരെ

- വാർഷിക മുതൽ മുടക്ക് = കുറഞ്ഞത് 40%
- ഒരുമിച്ച് പിൻവലിക്കാവുന്നത് = പരമാവധി 60%
- മൂലധനം ₹ 5 ലക്ഷത്തിന് കുറവാണെങ്കിൽ, മുഴുവനും പിൻവലിക്കാൻ അനുവദിക്കും

ഏതെങ്കിലും കാരണം മൂലം മരണം

- നോമിനിക്ക് 100% പെൻഷൻ ധനവും ഒരുമിച്ച് പിൻവലിക്കാം
- മൂലധനം ഉപയോഗിച്ച് ആന്വിറ്റി നോമിനിക്ക് വാങ്ങാം

മാറ്റിവയ്ക്കൽ ഓപ്ഷൻ
വിരമിക്കുമ്പോൾ, പെൻഷനും ഒരുമിച്ച് പിൻവലിക്കലും നിങ്ങൾക്ക് 75 വയസ് വരെ മാറ്റി വയ്ക്കാൻ തീരുമാനിക്കാം.

ഭാഗികമായ പിൻവലിക്കൽ

ഭാഗികമായ പിൻവലിക്കൽ നിങ്ങളുടെ സബ്സ്ക്രിപ്ഷൻ കാലയളവിൽ മൂന്ന് തവണ താഴെ പറയുന്ന സാഹചര്യങ്ങളിൽ സാധ്യമാണ്.

- കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം അല്ലെങ്കിൽ കല്യാണം
- നിങ്ങളുടെ സ്വന്തം പേരിൽ വീട് വാങ്ങിക്കാൻ അല്ലെങ്കിൽ നിർമ്മിക്കാൻ
- നിങ്ങൾക്കോ പ്രിയപ്പെട്ടവർക്കോ വരുന്ന ആശുപത്രി ചിലവുകൾക്ക്
- NPS സബ്സ്ക്രിപ്ഷൻ കുറഞ്ഞത് 3 വർഷം പൂർത്തിയായാൽ
- എപ്പോൾ പിൻവലിക്കുന്നതും നിങ്ങളുടെ സ്വന്തം സംഭാവനയുടെ 25% യുടെ അധികമാകരുത്
- 75%-ളും അധികമുള്ള അംഗവൈകല്യം
- ഏതെങ്കിലും പ്രത്യേക രോഗത്തിന്റെ ചികിത്സ
- നൈപുണ്യ വികസനം/പുനർ വൈദഗ്ധ്യം നേടൽ അല്ലെങ്കിൽ മറ്റേതെങ്കിലും സ്വയം വികസന പ്രവർത്തനങ്ങൾക്ക്
- നിങ്ങളുടെ സ്വന്തം സ്ഥാപനം അല്ലെങ്കിൽ സ്റ്റാർട്ട് അപ് തുടങ്ങാൻ

ഒന്നോർക്കുക സുഹൃത്തുക്കളെ, നിങ്ങളുടെ സബ്സ്ക്രിപ്ഷൻ കാലയളവിൽ പരമാവധി മൂന്ന് തവണ മാത്രമേ പിൻവലിക്കൽ അനുവദിക്കുകയുള്ളൂ.

നോമിനേഷൻ(നാമനിർദേശം) നടത്തൽ

നിങ്ങൾ വിരമിച്ച ശേഷം ആവശ്യങ്ങൾക്കായി കുറെ പണം നിക്ഷേപിച്ചു എന്ന് കരുതുക. വിരമിച്ച ശേഷമോ അതിന് മുൻപോ നിർഭാഗ്യവശാൽ മരണം സംഭവിച്ചാൽ സമാഹരിച്ച പെൻഷൻ ധനത്തിന്റെ അവസ്ഥ എന്താകും എന്ന് തോന്നുന്നു? പേടിക്കേണ്ട, NPS നിങ്ങളുടെ റിട്ടയർമെന്റ് പണം ലഭിക്കേണ്ട നോമിനികളെയും രേഖപ്പെടുത്താൻ അനുവദിക്കുന്നു.

നിങ്ങൾക്ക് നോമിനകളെ എങ്ങനെ തിരഞ്ഞെടുക്കാം എന്ന് നോക്കാം

01 മൂന്ന് നോമിനികളേ വരെ തിരഞ്ഞെടുക്കുക. മൈനർ ആണെങ്കിൽ, ജനന തീയതിയും രക്ഷാകർത്താവിന്റെ വിവരങ്ങളും വേണം

02 POP ക്ക് അപേക്ഷ ഫോം അയച്ചോ eNPS വഴി രജിസ്റ്റർ ചെയ്തെങ്കിൽ ഓൺലൈനിലൂടെയോ നാമനിർദേശം(നോമിനേറ്റ്) ചെയ്യുക. നോമിനിയുടെ വിശദാംശങ്ങൾ പിന്നീട് ഓൺലൈനിൽ മാറ്റാവുന്നതാണ്.

മൊബൈൽ ആപ്പും ഓൺലൈൻ സേവനങ്ങളും

ഇതെല്ലാം ഉപയോഗിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായേക്കാം എന്ന് ഞാൻ മനസിലാക്കുന്നു, അതിനാൽ കാര്യങ്ങൾ സുഗമമാക്കാൻ NPS ഉപയോഗ-സൗഹൃദ മൊബൈൽ ആപ്പും നൽകുന്നു.

NPS മൊബൈൽ ആപ്പിന്റെ പ്രയോജനങ്ങൾ



*ടയർ I നിങ്ങളുടെ പെൻഷൻ സമ്പാദ്യത്തിനാണ്; നികുതി ആനുകൂല്യങ്ങൾക്കൊപ്പം.
**ടയർ II നിങ്ങൾക്ക് അധിക നിക്ഷേപ സമ്പാദ്യം നടത്തണമെങ്കിൽ അതിന് ആണ്; പിൻവലിക്കാൻ പരിമിതികൾ ഒന്നുമില്ല (സർക്കാർ ജീവനക്കാർക്ക് മാത്രമേ നികുതി ആനുകൂല്യങ്ങൾ ലഭിക്കൂ)

eNPS വഴിയാണെങ്കിൽ സെൻട്രൽ റെക്കോർഡ്കീപ്പിങ് ഏജൻസിയുടെ (CRA) വെബ്സൈറ്റ് പോർട്ടലിലൂടെയോ POP യിലൂടെ ആണെങ്കിൽ POP യുടെ വെബ്സൈറ്റ് പോർട്ടലിലൂടെയോ ലഭിക്കുന്ന NPS ഓൺലൈൻ സേവനങ്ങളുടെ പ്രയോജനങ്ങൾ എന്തെന്ന് നോക്കാം.

- NPS നു കീഴിൽ നിങ്ങളുടെ പെൻഷൻ അക്കൗണ്ട് തുറക്കുക (ടയർ I-ഉം ടയർ II-ഉം)
- നിങ്ങളുടെ NPS അക്കൗണ്ട് ഓൺലൈൻ തുറക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക Fenps.nsdl.com/eNPS/OnlineSubscriberRegistration.html?appType=main
- ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ തുടങ്ങിയ നിങ്ങളുടെ വ്യക്തിഗത വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുക
- നിങ്ങളുടെ പദ്ധതി മുൻഗണനകൾക്ക് മാറ്റങ്ങൾ വരുത്തുക
- ടയർ I, ടയർ II അക്കൗണ്ടുകൾക്ക് ആദ്യത്തെയും പിന്നീടും സംഭാവനകൾ നടത്തുക
- നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ/ഇടപാട് സ്റ്റേറ്റ്മെന്റ് കാണുക
- ഓൺലൈൻ സേവനങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ ടയർ II അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ അപേക്ഷ നൽകുക

സെൻട്രൽ റെക്കോർഡ്കീപ്പിങ് ഏജൻസി (CRA)

NPS ലെ നിങ്ങളുടെ നിക്ഷേപങ്ങളുടെ പ്രകടനം എങ്ങനെ പരിശോധിക്കണം എന്ന് ചിന്തിക്കുന്നെങ്കിൽ, നിങ്ങളുടെ PRAN കിറ്റിനൊപ്പം നൽകിയിരിക്കുന്ന ലോഗിൻ ഐഡിയും പാസ്‌വേർഡും ഉപയോഗിച്ച് നിങ്ങളുടെ NPS അക്കൗണ്ടിലേക്ക് ലോഗിൻ ചെയ്ത് അത് ചെയ്യാം.

നൽകുന്ന പ്രയോജനകളുടെ അടിസ്ഥാനത്തിൽ NPS ഒരു അത്ഭുതം തന്നെ. പല മാർഗങ്ങളിലൂടെ പ്രശ്നങ്ങൾ/പരാതികൾ ഉന്നയിക്കാനും അനുവദിക്കുന്നു. ഒന്ന് നോക്കൂ.

CRA ക്ക് നേരിട്ട് നൽകുന്ന ഫോമുകൾ

POP സേവന ദാതാക്കൾക്ക് സെൻട്രൽ ഗ്രീവൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ/കേന്ദ്രീകൃത പരാതി നിർവ്വഹണ പദ്ധതിയുടെ (CGMS) CRA ലേക്ക് നൽകാനായി നിങ്ങളുടെ പരാതി നിർദേശിക്കപ്പെട്ട രീതിയിൽ സമർപ്പിക്കുക



കോൾ സെന്റർ/ഇന്ററാക്ടിവ് വോയ്സ് റെസ്പോൺസ് സിസ്റ്റം (IVR)

1800-110-708 എന്ന നമ്പറിൽ PFRDA കോൾ സെന്ററുമായി ബന്ധപ്പെടുക



വെബ്-അധിഷ്ഠിത ഇന്റർഫേസ്

CRA കോൾ സെന്ററിലെ (022) 24993499 എന്ന ടോൾ ഫ്രീ നമ്പറിൽ ടെലി-ചോദ്യ വ്യക്തിഗത ഐഡന്റിഫിക്കേഷൻ നമ്പർ (T-PIN) ഉപയോഗിച്ച് നിങ്ങളുടെ പ്രശ്നങ്ങൾ/പരാതികൾ രജിസ്റ്റർ ചെയ്യുക. www.npscra.nsdl.co.in സന്ദർശിച്ച് നിങ്ങളുടെ ഇന്റർനെറ്റ് വ്യക്തിഗത ഐഡന്റിഫിക്കേഷൻ നമ്പർ (I-PIN) ഉപയോഗിച്ചും നിങ്ങൾക്ക് രജിസ്റ്റർ ചെയ്യാം.



CRA പോർട്ടബിലിറ്റി: സബ്സ്ക്രിപ്ഷൻ തരത്തിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ CRA കൾ തമ്മിൽ എളുപ്പത്തിൽ മാറ്റുക, അതായത് എല്ലാ പൗരന്മാരിൽ നിന്ന് കോർപറേറ്റ് മോഡലിലേക്കും തിരിച്ചും.

ആന്വിറ്റികൾ

ഞാൻ ഈ വാക്ക് ഒരു പാട് തവണ പറഞ്ഞു, പക്ഷെ ഇതെന്താണെന്ന് നിങ്ങൾക്ക് യഥാർത്ഥത്തിൽ അറിയാമോ? ഞാൻ പറയാം.

ഒരുമിച്ചുള്ള തുകയ്ക്ക് പകരമായി ഭാവിയിൽ സ്ഥിരമായ പേയ്മെന്റുകൾക്ക് വേണ്ടി രൂപകൽപന ചെയ്ത ഉത്പന്നങ്ങളാണ് ആന്വിറ്റികൾ. നിങ്ങളുടെ സമ്പാദ്യം ഒരുമിച്ച് മുതൽ മുടക്കുന്നതിലൂടെ, ജീവിത കാലം മുഴുവൻ നിലനിൽക്കുന്ന കാലികമായ പേയ് മെന്റുകളാക്കി മാറ്റാം.

വ്യത്യസ്ത ആനുകൂല്യങ്ങൾ ഉള്ള പല തരത്തിലെ ആന്വിറ്റികൾ ഉണ്ട്.

01 **സ്ഥിരമായ നിരക്കിൽ** ആന്വിറ്റി/പെൻഷൻ **ആജീവനാന്തം ലഭിക്കുന്നത്**

02 **5, 10, 15 അല്ലെങ്കിൽ 20 വർഷത്തേക്ക് ഉറപ്പായും** ആന്വിറ്റി ലഭിക്കും അതിനു ശേഷം വരിക്കാരൻ ജീവിക്കുന്നിടത്തോളം കാലം.

03 **വരിക്കാരന്റെ മരണം സംഭവിക്കുകയാണെങ്കിൽ,** ആജീവനാന്ത ആന്വിറ്റി വാങ്ങിയ വിലയ്ക്കൊപ്പം

04 ആജീവനാന്ത ആന്വിറ്റി **3%** വെറും പലിശ **പ്രതിവർഷം എന്ന നിരക്കിൽ വർധിക്കുന്നു**

05 നിങ്ങളുടെ മരണത്തിന് ശേഷം **50% ആന്വിറ്റി അവരുടെ** ജീവിതകാലത്ത് **പങ്കാളിക്ക് നൽകുമെന്ന വ്യവസ്ഥ**

06 നിങ്ങളുടെ മരണത്തിന് ശേഷം **100% ആന്വിറ്റി അവരുടെ** ജീവിതകാലത്ത് **പങ്കാളിക്ക് നൽകുമെന്ന വ്യവസ്ഥ**

07 **നിങ്ങളുടെ മരണത്തിന് ശേഷം 100% ആന്വിറ്റി അവരുടെ** ജീവിതകാലത്ത് പങ്കാളിക്ക് നൽകുമെന്ന **വ്യവസ്ഥ; അവസാനം ജീവിച്ചിരിക്കുന്നയാളുടെ മരണ ശേഷം വാങ്ങിയ വില തിരിച്ച് നൽകും**

മണിറാം മന്ത്ര

- നിങ്ങൾക്ക് തിരഞ്ഞെടുക്കാവുന്ന രണ്ട് NPS ഓപ്ഷനുകൾ ഉണ്ട് — **ആക്റ്റീവ് ചോയ്സും ഓട്ടോ ചോയ്സും.**
- NPS വ്യക്തികൾക്കും കോർപറേറ്റ് ജീവനക്കാർക്കും **വിവിധ നികുതി ആനുകൂല്യങ്ങൾ** നൽകുന്നു.
- NPS ലെ ആന്വിറ്റി എന്നാൽ നിങ്ങളുടെ റിട്ടയർമെന്റ് ഫണ്ടിലെ **സ്ഥിരമായ പേയ്മെന്റുകൾ വ്യവസ്ഥപ്രകാരമുള്ള സമയത്തേക്ക്** അല്ലെങ്കിൽ ആജീവനാന്തം നൽകുന്ന നിക്ഷേപ ഇനമാണ്.

ചാപ്റ്റർ 05

അടൽ പെൻഷൻ യോജനയുടെ ശക്തി

ഇന്ത്യയിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന പലർക്കും അവർക്കും ഒരു പെൻഷൻ പദ്ധതി ഉണ്ടെന്ന് അറിയില്ല എന്ന് നിങ്ങൾക്കറിയാമോ.

ഞാൻ നിങ്ങളോട് അടുത്തതായി സംസാരിക്കാൻ ആഗ്രഹിക്കുന്ന പ്രമുഖ താരമാണ് **അടൽ പെൻഷൻ യോജന (APY).**

APY നൽകുന്ന ആനുകൂല്യങ്ങളും ആളുകളുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളും കൊണ്ട് റിട്ടയർമെന്റ് ജീവിതം സമാധാനവും സന്തോഷവും ഉള്ളതാക്കാം.

ഇതൊന്ന് നോക്കൂ.

ഉറപ്പായ മാസ പെൻഷൻ നൽകുന്ന സർക്കാർ സ്പോൺസർ ചെയ്യുന്ന പദ്ധതിയാണ് APY

₹ 1000, 2000, 3000, 4000 അല്ലെങ്കിൽ ₹ 5000 എന്നിങ്ങനെ വിവിധ പെൻഷൻ സ്ലാബുകൾ ഈ സ്കീമിന് കീഴിൽ ലഭ്യമാണ്



തിരഞ്ഞെടുത്ത പെൻഷൻ തുകയുടെയും സ്കീമിൽ ചേരുമ്പോൾ വരിക്കാരന്റെ പ്രായത്തിന്റെയും അടിസ്ഥാനത്തിൽ ആണ് സംഭാവനകൾ.

നിയമാനുസൃതമായ പെൻഷൻ എന്ന ഏർപ്പാട് ഏവർക്കും നൽകി ചിലവുകൾ നടത്താൻ അവരെ സഹായിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം.



നിങ്ങളുടെ പ്രായം 18 നും 40 നും ഇടക്കാണെങ്കിൽ, നിങ്ങൾക്ക് APY ൽ ചേരാം. എത്ര വേഗം തുടങ്ങുന്നുവോ, അത്രയും സമാധാനപൂർണമായിരിക്കും നിങ്ങളുടെ റിട്ടയർമെന്റ് ജീവിതം.

NPS പോലെ, നിങ്ങളുടെ APY അക്കൗണ്ട് തുറക്കാൻ രണ്ട് വഴികൾ ഉണ്ട് – ഓഫ്‌ലൈനും ഓൺലൈനും.

1. ഓഫ്‌ലൈൻ

- നിങ്ങളുടെ സേവിങ്സ് അക്കൗണ്ട് ഉള്ള ബാങ്ക് സന്ദർശിക്കുക
- APY അപേക്ഷ ഫോം സമർപ്പിച്ച് KYC പ്രോസസ് പൂർത്തിയാക്കുക
- ആവശ്യമായ ആധാർ കാർഡ് പോലെയുള്ള ഉപകാരപ്രദമായ രേഖകൾ കൈവശം വയ്ക്കുക

2. ഓൺലൈൻ

APY അക്കൗണ്ട് വേഗത്തിലും എളുപ്പത്തിലും തുറക്കാൻ നിങ്ങളുടെ ബാങ്കിന്റെ നെറ്റ്ബാങ്കിങ് സൗകര്യം അനുവദിക്കുന്നു. നിങ്ങളുടെ APY അക്കൗണ്ട് ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ ഇവിടെ ക്ലിക്ക് ചെയ്യുക. enps.nsdl.com/eNPS/ApySubRegistration.html

നിങ്ങളുടെ APY അക്കൗണ്ട് എങ്ങനെ പ്രവർത്തിപ്പിക്കണം എന്ന് ഞാൻ വേഗം പറയാം.

- ബാങ്കിൽ ഓട്ടോ-ഡെബിറ്റ് സൗകര്യം സജ്ജമാക്കി നിങ്ങൾക്ക് APY അക്കൗണ്ടിലേക്ക് പണം സംഭാവന ചെയ്യാം
- വൈകിയതിനുള്ള പിഴ ഒഴിവാക്കാൻ കൊടുക്കേണ്ട തീയതിയിൽ നിങ്ങളുടെ സേവിങ്സ് അക്കൗണ്ടിൽ ബാലൻസ് ഉറപ്പാക്കുക
- എല്ലാ കൊല്ലവും ഏപ്രിലിൽ സമാഹരണ സമയത്ത് നിങ്ങളുടെ പെൻഷൻ തുക കൂട്ടണോ കുറയ്ക്കാനോ തീരുമാനിക്കാം
- നിങ്ങളുടെ ഉറപ്പായ മാസ പെൻഷന് വേണ്ടി 60 വയസിൽ ഒരു അപേക്ഷ സമർപ്പിക്കണം
- മരണം അല്ലെങ്കിൽ മാരകമായ രോഗാവസ്ഥയിൽ അല്ലെങ്കിൽ, 60 വയസിന് മുൻപ് പ്ലാൻ റദ്ദാക്കാൻ അനുവദിക്കില്ല

3. eAPY

നിങ്ങൾക്ക് APY അക്കൗണ്ട് തുറക്കാൻ PFRDA ഇപ്പോൾ ഒരു ഡിജിറ്റൽ മോഡ് അവതരിപ്പിച്ചിട്ടുണ്ട്. eAPY വഴി വരിക്കാർക്ക് ലഭിക്കുന്ന വിവിധ പ്രയോജനങ്ങൾ നോക്കൂ.

- പൂർണമായും ഡിജിറ്റൽ ആയിരിക്കുന്നു
- 24/7 എൻറോൾമെൻറ് നിങ്ങളുടെ വീട്/ഓഫീസിൽ നിന്ന്; ബാങ്ക് ശാഖകൾ സന്ദർശിക്കേണ്ട ആവശ്യമില്ല
- നേരിട്ട് അപേക്ഷ ഫോം സമർപ്പിക്കേണ്ട
- സമയം, അധ്വാനം, ചിലവ് എന്നിവയൊന്നും നഷ്ടപ്പെടുന്നില്ല

ഇത് POP-SP കൾക്കും പ്രയോജനകരമാണ്.

- ഉറവിടം കണ്ടെത്താൻ മറ്റൊരു മാർഗം കൂടി
- മാനുഷികമായ ഇടപെടൽ ഇല്ല – വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ മാത്രം
- പലയിടങ്ങളിലെ വരിക്കാരുടെ അടുത്ത് എത്താനുള്ള കഴിവിനോടൊപ്പം വർധിച്ച വ്യാപ്തി
- സമയവും അധ്വാനവും കുറവ്
- ഫോമുകൾ പേപ്പർ രൂപത്തിൽ സൂക്ഷിക്കേണ്ടതില്ല
- കൂടുതൽ എൻറോൾമെന്റുകൾക്കായി ലീഡ് ജനറേഷൻ

പ്രായം, ചേരുന്ന സമയം, പ്രതിമാസ സംഭാവന തുക എന്നിവയുടെ അടിസ്ഥാനത്തിൽ APY അക്കൗണ്ട് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഈ ടേബിൾ കാണിക്കുന്നു.

	പ്രതീക്ഷിക്കുന്ന പ്രതിമാസ പെൻഷൻ	₹ 1,000	₹ 2,000	₹ 3,000	₹ 4,000	₹ 5,000
	കോർപസ് നോമിനിക്ക് നൽകൽ	₹ 1.7 ലക്ഷം	₹ 3.4 ലക്ഷം	₹ 5.1 ലക്ഷം	₹ 6.8 ലക്ഷം	₹ 8.5 ലക്ഷം
ചേരുന്ന പ്രായം (വർഷങ്ങളിൽ)	സംഭാവന വർഷങ്ങൾ	സൂചകമായ പ്രതിമാസ സംഭാവന (₹ യിൽ)	സൂചകമായ പ്രതിമാസ സംഭാവന (₹ യിൽ)	സൂചകമായ പ്രതിമാസ സംഭാവന (₹ യിൽ)	സൂചകമായ പ്രതിമാസ സംഭാവന (₹ യിൽ)	സൂചകമായ പ്രതിമാസ സംഭാവന (₹ യിൽ)
18	42	42	84	126	168	210
19	41	46	92	138	183	228
20	40	50	100	150	198	248
21	39	54	108	162	215	269
22	38	59	117	177	234	292
23	37	64	127	192	254	318
24	36	70	139	208	277	346
25	35	76	151	226	301	376
26	34	82	164	246	327	409
27	33	90	178	268	356	446
28	32	97	194	292	388	485
29	31	106	212	318	423	529
30	30	116	231	347	462	577
31	29	126	252	379	504	630
32	28	138	276	414	551	689
33	27	151	302	453	602	752
34	26	165	330	495	659	824
35	25	181	362	543	722	902
36	24	198	396	594	792	990
37	23	218	436	654	870	1087
38	22	240	480	720	957	1196
39	21	264	528	792	1054	1318
40	20	291	582	873	1164	1454

APY യുടെ ശക്തി നിങ്ങൾക്ക് ഇതിനകം ബോധ്യമായി എന്ന് ഞാൻ കരുതുന്നു, എന്നാലും ഞാൻ കൂടുതൽ വിവരങ്ങൾ നൽകാൻ ആഗ്രഹിക്കുന്നു. അറിവ് ശക്തിയാണ്, അതിനാൽ അത് കൂടുതൽ ഉണ്ടാകുന്നത് നല്ലതാണ്.

1. വരിക്കാരന്റെ മരണം സംഭവിച്ചാൽ

- മരണം സംഭവിച്ചാൽ, 100% പെൻഷനും പങ്കാളിക്ക് നൽകും. പങ്കാളിയുടെ മരണ ശേഷം, ഈ പെൻഷൻ നൽകാൻ വേണ്ടി വാങ്ങിയ ആന്വിറ്റിയുടെ തുക നിങ്ങളുടെ നോമിനികൾക്ക് പോകും.
- നിങ്ങളുടെ പങ്കാളിക്ക് APY അക്കൗണ്ട് നിലനിർത്താം അല്ലെങ്കിൽ ക്ളോസ് ചെയ്യാം കൂടാതെ നിങ്ങൾ നടത്തിയ സംഭാവനകളും എന്തെങ്കിലും ലാഭവും നേടാം.

2. വിരമിക്കൽ ആനുകൂല്യങ്ങൾ

- 60 വയസിന് ശേഷം നൽകുന്ന പ്രതിമാസ പെൻഷൻ സർക്കാർ ഉറപ്പ് നൽകുന്നതാണ് എന്നതാണ് APY യുടെ പ്രധാന പ്രയോജനം. നിങ്ങൾ നൽകിയ സംഭവനയെ ആശ്രയിച്ചിരിക്കും പ്രതിമാസ പെൻഷൻ.

3. നികുതി ആനുകൂല്യങ്ങൾ

- സെക്ഷൻ 80Cക്ക് കീഴിൽ നൽകിയ സംഭാവനകൾക്ക് നികുതി ആനുകൂല്യങ്ങൾ നേടാം.

മണിറാം മന്ത്ര

നിങ്ങൾ എത്ര സംഭാവന നൽകുന്നു എന്നതും തിരഞ്ഞെടുത്ത പെൻഷൻ തുകയും അടിസ്ഥാനമാക്കി APY **സർക്കാർ-അംഗീകൃത പെൻഷൻ** നൽകുന്നു.

നിങ്ങളുടെ പ്രായം **18-40 വയസിന്** ഇടയിൽ ആണെങ്കിൽ APY സ്കീമിൽ ചേരുക.

APY **മൂന്ന് ഉറപ്പായ പ്രയോജനങ്ങൾ** നൽകുന്നു.



ഉപസംഹാരം

വായിച്ച ഈ പുസ്തകം നിങ്ങൾ ആസ്വദിച്ചു എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് സമഗ്രവും രസകരവുമാണെന്നും, റിട്ടയർമെന്റ് പ്ലാൻ ചെയ്യൽ, ഭാവിക്കായി സമ്പാദിക്കൽ, NPS, APY കൂടാതെ അവ നൽകുന്ന പല പ്രയോജനങ്ങൾ എന്നിവയെ കുറിച്ചെല്ലാം വേണ്ട വിവരങ്ങൾ ഇത് നൽകി എന്ന് ഞാൻ വിശ്വസിക്കുന്നു.

അവസാനിപ്പിക്കുന്നതിന് മുൻപ്, നിങ്ങളുടെ റിട്ടയർമെന്റിനായി ആസൂത്രണം ചെയ്യേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ പ്രായം എത്ര ആയാലും, വേഗം തുടങ്ങി പിന്നീട് പ്രയോജനങ്ങൾ നേടൂ. നിങ്ങളുടെ റിട്ടയർമെന്റ് ആസൂത്രണത്തിലെ രണ്ട് വിശ്വസ്ത സുഹൃത്തുക്കളാണ് NPS ഉം APY ഉം. നിങ്ങൾ റിട്ടയർമെന്റ് ജീവിതം ആസ്വദിക്കും എന്നുറപ്പാക്കാൻ വിവിധ പെൻഷൻ പദ്ധതികളിൽ നിന്ന് തിരഞ്ഞെടുക്കാം. അപ്പോൾ, എന്തിനാണ് കാത്തിരിക്കുന്നത്? ഇപ്പോൾ തന്നെ തുടങ്ങൂ. പോകുന്നതിന് മുൻപ്, എന്നെ **011-26517501-03** എന്ന നമ്പറിൽ എപ്പോൾ വേണമെങ്കിലും ബന്ധപ്പെടാം എന്ന് ഓർമിപ്പിക്കട്ടെ.

ഓർക്കുക, വെറുതെ ജോലിയിൽ നിന്ന് വിരമിക്കരുത്, നിങ്ങളുടെ റിട്ടയർമെന്റിനായി ആസൂത്രണം ചെയ്യുക.

NPS, APY പോലെയുള്ള സ്കീമുകളുടെ പ്രയോജനങ്ങൾ നേടുക.

NPS/PFRDA ൽ നിന്ന് ഫണ്ട് നൽകാൻ പണം ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ട് കൊണ്ട് PFRDA ഒരിക്കലും വ്യക്തികളെ വിളിക്കില്ല. അത്തരത്തിൽ ചതിയിൽ പെടുത്താൻ ലഭിക്കുന്ന ഏത് വിവരവും ഉടനെ പോലീസിൽ അറിയിക്കേണ്ടതാണ്.

പദ വിവരണം

A

ആസ്തി
ഉടമക്ക് സാമ്പത്തിക മൂല്യം നൽകുന്ന ഏത് വിഭവവും. അത് പണം, വസ്തുക്കൾ, കടപത്രങ്ങൾ, നിക്ഷേപസർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ കെട്ടിടം, ഭൂമി എന്നിവയുടെ രൂപത്തിൽ ആയിരിക്കാം

ആന്വിറ്റി
മുതൽ വാങ്ങുന്ന സമയത്ത് തിരഞ്ഞെടുത്ത കാലയളവിന് ഉപഭോക്താവിന് പതിവായി പണമടയ്ക്കുന്നതിന് ഒരു ഇൻഷുറൻസ് കമ്പനി ഉണ്ടാക്കിയ കരാറാണിത്.

ആസ്തി അലോക്കേഷൻ
വിവിധ ആസ്തി വകകളായി നിക്ഷേപ പോർട്ട്ഫോളിയോ വിഭജനം

ആന്വിറ്റന്റ്
ആന്വിറ്റി ലഭിക്കുന്ന വ്യക്തി

അടൽ പെൻഷൻ യോജന
₹ 1,000/2,000/3,000/4,000/5,000 എന്നിങ്ങനെ ഉറപ്പായ പെൻഷൻ വാഗ്ദാനം ചെയ്യുന്ന പതിവ് സംഭാവന അടിസ്ഥാനമാക്കിയ പെൻഷൻ പദ്ധതിയാണ് അടൽ പെൻഷൻ യോജന(APY). പെൻഷൻ 60 വയസിൽ തുടങ്ങുന്നു

B

ബോണ്ട്
നിശ്ചിതമായ കാലയളവിലേക്ക് അസ്ഥിരമായ അല്ലെങ്കിൽ സ്ഥിരമായ പലിശ നിരക്കിൽ നിക്ഷേപകൻ സ്ഥാപനത്തിന് കടം കൊടുക്കുന്ന ഒരു പ്രക്രിയയാണ് ബോണ്ട്

C

കോർപസ്
എല്ലാ നിക്ഷേപകരും കൂടെ ഒരു പ്രത്യേക പദ്ധതയിൽ നിക്ഷേപിച്ച ആകെ പണം

കോംപൗണ്ടിങ്
സമ്പാദ്യം ഉണ്ടാക്കി അത് വീണ്ടും സമ്പാദിക്കാവുന്ന തരത്തിൽ പുനർ നിക്ഷേപം നടത്താനുള്ള ഒരു ആസ്തിയുടെ കഴിവ്

E

ഇക്വിറ്റീസ്
നിക്ഷേപകർക്ക് ഉടമസ്ഥാവകാശത്തിന്റെ ഒരു പങ്ക് ലഭിക്കുന്ന ഇക്വിറ്റികളുടെ ഉദാഹരണങ്ങളാണ് റിയൽ എസ്റ്റേറ്റും ഓഹരികളും

H

ഹെൽത്ത് ഇൻഷുറൻസ്
ചികിത്സ ചിലവുകൾക്ക് ഇൻഷുറൻസ് കമ്പനി നൽകുന്ന ആരോഗ്യ കവറേജിനുള്ള കരാർ ആണിത്

I

ഇൻഫ്ളേഷൻ
ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും വില വർധന കാരണം വാങ്ങിക്കാനുള്ള കഴിവ് കുറയുന്നത്

L

ലംപ്സം
ഒരൊറ്റ പേയ്മെന്റിൽ സാമ്പത്തിക പദ്ധതിക്ക് കീഴിലുള്ള സമ്പാദ്യ ആനുകൂല്യങ്ങളുടെ വിഭജനം

ലൈഫ് സൈക്കിൾ ഫണ്ട്
നിക്ഷേപകന്റെ പ്രതീക്ഷിക്കുന്ന റിട്ടയർമെന്റ് പ്രായം അടിസ്ഥാനമാക്കി ആസ്തി അലോക്കേഷൻ കൈകാര്യം ചെയ്യുന്ന മ്യൂച്വൽ ഫണ്ട്

ലോൺ
ഒരു ധനകാര്യ സ്ഥാപനം/വ്യക്തിയിൽ നിന്ന് കടം വാങ്ങിയ പലിശ സഹിതം തിരിച്ച് കൊടുക്കേണ്ട തുക

M

മാർക്കറ്റ്-ലിങ്ക്ഡ് ഇൻവെസ്റ്റ്മെന്റ്സ്
മറ്റൊരു ആസ്തിയുടെ പ്രകടനവുമായി ബന്ധപ്പെട്ട റിട്ടേൺ ഉള്ള വായ്പ സെക്യൂരിറ്റികളോ ബോണ്ടുകളോ ആണിവ

N

നാഷണൽ പെൻഷൻ സിസ്റ്റം
വിരമിച്ച ശേഷം എല്ലാവർക്കും മതിയായ വരുമാനം നൽകുന്ന റിട്ടയർമെന്റ് സേവിങ്സ് പദ്ധതിയാണ് നാഷണൽ പെൻഷൻ സിസ്റ്റം (NPS). ഭാവിയിലേക്ക് സമ്പാദ്യം ഉണ്ടാക്കാൻ അത് ആളുകളെ സഹായിക്കുന്നു

P

പോയിന്റ് ഓഫ് പ്രെസൻസ്
POP സേവന ദാതാക്കൾ എന്ന ബ്രാഞ്ച് ശൃംഖലയിലൂടെ വരിക്കാർക്ക്/വരിക്കാരാകാൻ സാധ്യതയുള്ളവർക്ക് NPS ന്റെ കീഴിൽ സേവനങ്ങൾ നൽകുന്ന വിതരണ മാർഗങ്ങളാണ് പോയിന്റ് ഓഫ് പ്രെസൻസ്

പെൻഷൻ
വിരമിച്ച ശേഷം സർക്കാരോ മുൻ തൊഴിലുടമയോ ഒരാൾക്ക് പതിവായി നൽകുന്ന തുക

പേഔട്ട്
നഷ്ടപരിഹാരമോ ലാഭ വിഹിതമോ ആയി ഒരാൾക്ക് നൽകുന്ന വലിയ തുക

പാർഷ്യൽ വിത്ത്ഡ്രോവൽ
പോളിസിയുടെ സമയത്ത് പോളിസി ഉടമ പണമായി മാറ്റുന്ന/പിൻവലിക്കുന്ന ഫണ്ടിന്റെ ഭാഗം

R

റെഗുലേറ്ററി ബോഡി
മാനുഷിക പ്രവർത്തനത്തിന്റെ നിയമപരമായ കാര്യങ്ങൾ പരിശോധിക്കാൻ ഉത്തരവാദിത്തപ്പെട്ട പൊതു സ്ഥാപനം അല്ലെങ്കിൽ സർക്കാർ ഏജൻസി

റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്
ഒരു നിക്ഷേപത്തിന്റെ ലാഭസാധ്യത അല്ലെങ്കിൽ ഫലം മൂല്യനിർണയം ചെയ്യാൻ ഉപയോഗിക്കുന്ന അളവുകോൽ ആണ് റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് (ROI)

റിസ്ക്ക്
സാമ്പത്തിക മാധ്യമത്തിന്റെ റിട്ടേൺ നിരക്ക് വ്യതാസപ്പെടാനും നഷ്ടത്തിന് വിധേയമാകാനുമുള്ള സാധ്യത

S

എസ്2 ഫോം
വരിക്കാരുടെ വ്യക്തിഗത വിശദാംശങ്ങൾ, നോമിനീ വിശദാംശങ്ങൾ, ഐ-പിൻ/ടി-പിൻ റീഇഷ്യു, PRAN കാർഡ് റീഇഷ്യു എന്നിവയിലെ മാറ്റങ്ങൾക്ക്/തെറ്റ് തിരുത്തലുകൾക്ക് വേണ്ടി ഉപയോഗിക്കുന്ന ഫോം ആണിത്

സർവീസ് പ്രൊവൈഡർ
രേഖകളുടെ സംരക്ഷണം, പ്ലാനിന്റെ അറിവ്, സാമ്പത്തിക പ്ലാൻ നിർവ്വഹണം എന്നിവയയ്ക്കുള്ള സേവനങ്ങൾ നൽകുന്ന കമ്പനി അല്ലെങ്കിൽ സ്ഥാപനം

സൂപ്പർ ആൻവേഷൻ
പ്രായം ഏറി തൊഴിൽ ചെയ്യുന്നത് അവസാനിപ്പിക്കുമ്പോൾ പണം ലഭിക്കാനായി ജോലിയിൽ ഉള്ളപ്പോൾ ആളുകൾ ഫണ്ടിലേക്ക് നൽകുന്ന തുക

T

ടയർ-1 NPS അക്കൗണ്ട്
NPS അക്കൗണ്ടുകളുടെ ഏറ്റവും അടിസ്ഥാന തരം. ഈ അക്കൗണ്ടുകളിൽ നിക്ഷേപകർക്ക് പ്രതിവർഷം ₹ 1,000 മുതൽ നിക്ഷേപിക്കാം

ടാക്സ് ബെനിഫിറ്റ്
ഒരു പ്രത്യേക സാഹചര്യത്തിൽ വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് സാധാരണയായി നൽകേണ്ട ടാക്സ് തുകയിലെ കിഴിവ്

V

വാലുവേഷൻ
ഒരു ആസ്തിയുടെ നിലവിലെ മൂല്യം കണക്കാക്കുന്ന പ്രക്രിയയാണ് വാലുവേഷൻ

അടൽ പെൻഷൻ യോജന

ഓൺലൈൻ APY സബ്സ്ക്രൈബർ രജിസ്ട്രേഷൻ
enps.nsdl.com/eNPS/ApySubRegistration.html

നിങ്ങൾക്ക് 18 നും 40 നും ഇടയിൽ ആണ് പ്രായം എങ്കിൽ, നിങ്ങൾക്ക് അടൽ പെൻഷൻ യോജനയിൽ ചേരാം. നിങ്ങളുടെ സമീപത്തെ ബാങ്ക്/പോസ്റ്റോഫീസ് ശാഖയുമായി ബന്ധപ്പെടുക, 18008891030 (ടോൾ-ഫ്രീ) വിളിക്കുക അല്ലെങ്കിൽ ഇന്ന് തന്നെ www.pfrda.org.in സന്ദർശിക്കുക.

നാഷണൽ പെൻഷൻ സിസ്റ്റം

നിങ്ങളുടെ NPS അക്കൗണ്ട് ഓൺലൈൻ ആയി തുറക്കുക www.npstrust.org.in/content/open-your-nps-account-online

NPS നെയോ ഏറ്റവും അടുത്ത POP-SP(വിതരക്കാരനെ) കുറിച്ചോ കൂടുതൽ അറിയാൻ, 1800222080 എന്ന ഞങ്ങളുടെ ടോൾ-ഫ്രീ നമ്പറിൽ വിളിക്കുക അല്ലെങ്കിൽ 56677 ലേക്ക് NPS എന്ന് SMS ചെയ്യുക അല്ലെങ്കിൽ സന്ദർശിക്കുക: www.pfrda.org.in.

സാമ്പത്തിക വിദ്യാഭ്യാസ, പരിശീലന വിഭാഗം, PFRDA

"In case of any ambiguity in understanding the context of the words written in this booklet, the English version of the same will prevail"
"ഈ ലഘുലേഖയിലെ വാക്കുകളുടെ സന്ദർഭം മനസ്സിലാക്കുന്ന കാര്യത്തിൽ എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ, അതിന്റെ ഇംഗ്ലീഷ് പതിപ്പായിരിക്കും പ്രാബല്യത്തിൽ വരിക"